കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഉദുമ ഗ്രാമ പഞ്ചായത്ത്

# 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

കാസറഗോഡ് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-കെ.എസ്.ഡി 8/1021/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

ഇ-മെയിൽ -doksd.ksad@kerala.gov.in

വെബ് -www.lfa.kerala.gov.in

ഫോൺ - 04994256690

തീയതി. 15.10.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് , (സെക്രട്ടറി മുഖേന)

ഉദുമ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഉദുമ ഗ്രാമപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉദുമ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1, 2-3 ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ 3-12, 3-15, 3-18 ഖണ്ഡികകളിലലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡപ്യൂട്ടി ഡയറക്ടർ

പകർപ്പ് :1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ എസ് എ-കെ.എസ്.ഡി 8/1021/2016 തിയ്യതി: 15.10.2016

കാസറഗോഡ് ജില്ലയിലെ ഉദുമ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസറഗോഡ് ജില്ലയിലെ ഉദുമ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ 31.07.2016 തിയ്യതി വരെയുള്ള വരവ് ചെലവ് കണക്കുകളുടെ വിശദമായ പരിശോധന പെർഫോമൻസ് ഓഡിറ്റ് വിഭാഗം പരിശോധിച്ച് 22.08.2016ന് റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പഞ്ചായത്ത് 18.11.2015 മുതൽ 19.09.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയിൽ പ്രസക്തമായ അപാകതകളൊന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. പഞ്ചായത്തിന്റെ 2015-16 ലെ മുഴുവൻ രശീതികളുടെ പരിശോധനയും, എല്ലാ മാസങ്ങളിലും നടത്തിയ വിവിധ അക്കൌണ്ടുകളിലെ പിൻവലിക്കലുകളും ഓഡിറ്റിൽ പരിശോധിച്ചിട്ടുള്ളത്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറി പ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശൊധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട് /ഗ്രാമപഞ്ചായത്തിൻെറ തീരുമാനം എന്നിവയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യ ത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം, നിർവ്വഹണാധികാരികൾ എന്നിവയുടെ വിവരം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1(1) | |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) | |
| 4 | സാമ്പത്തിക വിശകലനം | 1(4) | |
| 5 | ഫണ്ട് വിനിയോഗം | 1(5) | |
| 6 | പദ്ധതി അവലോകനം | 1(6) | |
| 7 | തനത് വരുമാനം | 1(7) | |
| 8 | ക്ഷേമപദ്ധതികൾ | 1(8) | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) | |

| | | | |
|---|---|---|---|
| 11 | അനുബന്ധ പത്രികകൾ | 1(11) | |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

( വർക്ക് ഷീറ്റ് പ്രകാരമുള്ള പരാമർശങ്ങൾ ഉൾപ്പെടുത്തുക

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | വസ്തു നികുതി നിർണ്ണയത്തിൽ അപാകത ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടം | 2(1) | |
| 2 | വസ്തു നികുതി പരിഷ്കരണം പൂർത്തിയായില്ല | 2(2) | |
| 3 | നിർമ്മാണാനുമതി നൽകിയ കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരങ്ങൾ അവ്യക്തം | 2(3) | |
| 4 | കെട്ടിടങ്ങളുടെ നിർമ്മാണ പെർമിറ്റ് നൽകുന്നതുമായി ബന്ധപ്പെട്ടുള്ള അപാകതകൾ | 2(4) | |
| 5 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2(5) | |
| 6 | സ്ഥാപനങ്ങൾ അവയുടെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല | 2(6) | |
| 7 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2(7) | |
| 8 | വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2(8) | |
| 9 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 2(9) | |
| 10 | പഞ്ചായത്ത് ഉടമസ്ഥതയില്ലുള്ള കെട്ടിടം വാടകയ്ക്ക് ഏറ്റെടുത്ത വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2(10) | |
| 11 | സി.ബി.എസ്.ഇ. സ്കൂളിൽ നിന്നും ഈടാക്കുന്ന തൊഴിൽ നികുതി കുറവ് | 2(11) | |
| 12 | ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിട വാടക ഈടാക്കിയിട്ടില്ല | 2(12) | |

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | വസ്തു നികുതി നിർണ്ണയത്തിൽ അപാകത ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടം | 2(1) | |
| | | | |
| 13 | വ്യാപാരികളിൽ നിന്നും ഡി&ഒ ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല | 2(13) | |
| 14 | ഡി&ഒ ലൈസൻസ് – പൊതു അപാകതകൾ | 2(14) | |
| 15 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ/സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയുടെ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല | 2(15) | |
| 16 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് | 2(16) | |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (2)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

വർക്ക് ഷീറ്റ് പ്രകാരമുള്ള പരാമർശങ്ങൾ ഉൾപ്പെടുത്തുക

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ജീവനക്കാര്യം - ഓണം അഡ്വാൻസ് - തിരിച്ചുപിടിച്ചിട്ടില്ല | 3(1) | |
| 2 | ജീവനക്കാരുടെ ഗ്രൂപ്പ് പേഴ്സനൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീം (GPAIS) – സബ്സ്ക്രിപ്ഷൻ ഒടുക്കിയിട്ടില്ല | 3(2) | |
| 3 | ജീവനക്കാരുടെ റിക്കവറികൾ കൃത്യമായി ഒടുക്കുന്നതിൽ വീഴ്ച | 3(3) | |
| 4 | പത്ര പരസ്യത്തിന് അധിക നിരക്ക് നൽകിയത് - അധികം നൽകിയ തുക നിരാകരിക്കുന്നു | 3(4) | |
| 5 | 2015 വർഷത്തെ ഗ്രാമ പഞ്ചായത്ത് തെരഞ്ഞെടുപ്പ് - വിവിധ വാർഡുകളിൽ മത്സരിച്ച സ്ഥാനാർത്ഥികൾക്ക് ജാമ്യത്തുക തിരികെ നൽകിയത് - രശീത് ഹാജരാക്കിയിട്ടില്ല | 3(5) | |
| 6 | 2015-16 വർഷ് വിവിധ യോഗങ്ങൾക്ക് റിഫ്രഷ്മെന്റ് ചാർജ്ജസ് ഇനത്തിൽ തുക ചെലവഴിച്ചത് - അപാകത | 3(6) | |
| 7 | നിർവ്വഹണ ഉദ്യോഗസ്ഥൻ ഹെഡ്മാസ്റ്റർ - പദ്ധതി നടത്തിപ്പിൽ അപാകത | 3(7) | |

| | | | |
|---|---|---|---|
| 8 | നിർവ്വഹണ ഉദ്യോഗസ്ഥൻ ഹെഡ്മാസ്റ്റർ - ബാങ്ക് അക്കൗണ്ടിൽ ബാലൻസ് | 3(8) | |
| 9 | അംഗൻവാടി കെട്ടിട നിർമ്മാണം - വയറിംഗ് നടത്തി വൈദ്യുതി ലഭ്യമാക്കിയിട്ടില്ല | 3(9) | |
| 10 | നിർമ്മാണ തൊഴിലാളി ക്ഷേമ നിധി അടച്ചത് - കൈപ്പറ്റ് രശീതികൾ ലഭിച്ചിട്ടില്ല | 3(10) | |
| 11 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - കുടിവെള്ള പദ്ധതികൾക്ക് കേരള വാട്ടർ അതോറിറ്റിയിൽ അടച്ചത്3() | 3(11) | |
| 12 | പാലക്കുന്ന് ജംഗ്ഷൻ മത്സ്യ മാർക്കറ്റ് നിർമ്മാണം - സ്ഥലം പഞ്ചായത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്ത് ലഭിച്ചിട്ടില്ല | 3(12) | |
| 13 | ടെണ്ടർ ഫോറം വില പഞ്ചായത്ത് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല | 3(13) | |
| 14 | പ്രൊക്യൂർമെന്റ് കമ്മിറ്റി പ്രവർത്തിക്കുന്നില്ല | 3(14) | |
| 15 | പഞ്ചായത്ത് ഓഫീസ് സോളാർ വൽകരണം | 3(15) | |
| 16 | ആശ്രയ പദ്ധതി | 3(16) | |
| 17 | കവുങ്ങ് കൃഷി വികസനം, തെങ്ങ് കൃഷി വികസനം പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3(17) | |
| 18 | മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഏറ്റെടുക്കൽ പാടില്ലാത്ത പ്രവൃത്തികൾ നടത്തിയത് കൂടുതൽ അന്വേഷണം നടത്തേണ്ടത് | 3(18) | |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) | |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) | |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) | |

| | | | |
|---|---|---|---|
| 6 | ഓഡിറ്റ് റിക്കവറി | 4(6) | |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) | |
| 8 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4(8) | |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4(9) | |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(10) | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| ബജറ്റിന്റെ വിവരം | 2015-16 |
|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി | 30.03.2015 |
| തീരുമാനം നമ്പർ | 55/2016 |
| മുന്നിരിപ്പ് | 1,50,00,000 |
| പ്രതീക്ഷിത വരവ് | 10,89,30,000 |
| ആകെ | 12,39,30,000 |
| പ്രതീക്ഷിത ചെലവ് | 12,27,82,000 |
| നീക്കിയിരിപ്പ് | 11,48,000 |

ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31.07.2016 | 31.07.2016 | --- | ---- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 27-9-2016 | KSA/KSD3/1050/16 തിയതി 07-10-2016 |

വാർഷിക കണക്കുകളിലെ അപാകതകൾ

1.ഗ്രാമപഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2.തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ(ട്രേഡേഴ്സ്) തയ്യാറാക്കിയിട്ടില്ല.

3.വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

## 1-4 ധനകാര്യ വിശകലനം.

| വർഷം | 2015-2016 |
|---|---|
| മുന്നിരിപ്പ് | 1,81,88,121 |
| വരവ് | 9,51,28,869 |
| ആകെ | 11,33,16,990 |
| ചെലവ് | 10,29,44,839 |
| നീക്കിയിരിപ്പ് | 1,03,72,151 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷം വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 20,94,000 | 1,20,63,107 | 1,41,57,107 | 1,41,57,107 | 0 |
| വികസന ഫണ്ട് എസ്.സി.പി | 2,70,000 | 22,47,301 | 25,17,301 | 25,17,301 | 0 |
| വികസന ഫണ്ട്- ടി.എസ്.പി | 0 | 66,000 | 66,000 | 66,000 | 0 |
| സംരക്ഷണ ഗ്രാന്റ് | 1,60,388 | 67,37,156 | 68,97,544 | 68,97,544 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 42,672 | 26,85,505 | 27,28,177 | 27,28,177 | 0 |

| | | | | | |
|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4,05,926 | 55,47,766 | 59,53,692 | 59,53,692 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 38,06,000 | -1,15,936 | 36,90,064 | 36,90,064 | 0 |
| എം.എൻ.ആർ.ഇ.ജി.എസ് | 40,826 | 1,50,68,583 | 1,51,09,409 | 1,50,98,249 | 11,160 |
| ബി ഫണ്ട് | 0 | 2,60,88,400 | 2,60,88,400 | 2,60,88,400 | 0 |
| മറ്റുള്ളവ | 1,13,68,309 | 2,47,40,987 | 3,61,09,296 | 2,57,48,305 | 1,03,60,991 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 186 | 124 | 0 | 62 | 66.67 |

വികേന്ദ്രീകൃതാസൂത്രണ പദ്ധതികൾ നടപ്പിലാക്കുന്നതിന് 2015-16 വർഷത്തിൽ വികസന ഫണ്ട്, കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട്, തനത് ഫണ്ട്, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് മെയിന്റനൻസ് ഫണ്ട്, മറ്റുള്ളവ എന്നിവ വകയിരുത്തി 186 പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് 8.63 കോടി രൂപ അടങ്കലുള്ള പദ്ധതികൾ തയ്യാറാക്കിയതിൽ 5.01 കോടി രൂപ ചെലവഴിക്കുകയുണ്ടായി. ഓരോ മേഖലയിലും വകയിരുത്തിയ തുക ചെലവഴിച്ച തുക നടപ്പിലാക്കിയ പ്രധാന പദ്ധതികൾ എന്നിവയുടെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

കാർഷിക മേഖല

നെല്ല്, തെങ്ങ്, കവുങ്ങ്, പച്ചക്കറി വികസനം, തരിശു ഭൂമി കൃഷി യോഗ്യമാക്കൽ, ഇടവിള കൃഷി, ജലസേചന പമ്പ് സെറ്റ്, കാർഷിക യന്ത്രവൽക്കരണം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന് 47.21 ലക്ഷം രൂപ വകയിരുത്തിയതിൽ 32.61 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

മൃഗ സംരക്ഷണം

മൃഗാശുപത്രി മരുന്ന് വാങ്ങൽ, കോഴി വളർത്തൽ, കന്നുകാലി പരിപാലനം, പശു വളർത്തൽ, വനിതകൾക്ക് ആട്ടുവളർത്തൽ യൂണിറ്റ് എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന് 25.38 ലക്ഷം രൂപ വകയിരുത്തിയതിൽ 9.10 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

ആരോഗ്യ മേഖല

പ്രാഥമികാരോഗ്യ കേന്ദ്രം, ഹോമിയോ, ആയുർവേദം, പെയിൻ ആന്റ് പാലിയേറ്റീവ് എന്നിവയ്ക്ക് മരുന്ന് വാങ്ങുന്നതിന് 14.47 ലക്ഷം രൂപ വകയിരുത്തിയതിൽ 13.47 ലക്ഷം രൂപ വിനിയോഗിക്കുകയുണ്ടായി. ജില്ലാ പഞ്ചായത്ത് വിഹിതമായി പെയിൻ & പാലിയേറ്റീവ് പദ്ധതിക്ക് 1 ലക്ഷം രൂപ വകയിരുത്തിയെങ്കിലും ആയത് പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

മത്സ്യബന്ധനം

മത്സ്യബന്ധന തൊഴിലാളികൾക്ക് തോണിയും വലയും എന്ന പദ്ധതി നടപ്പിലാക്കുന്നതിന് തനത് ഫണ്ട് 2 ലക്ഷം രൂപയും മറ്റുള്ളവ 2 ലക്ഷം രൂപയും ആകെ 4 ലക്ഷം രൂപ വകയിരുത്തിയെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടില്ല.

തീരദേശമുള്ള പഞ്ചായത്ത് ഈ മേഖലയിൽ വികസന ഫണ്ട് വകയിരുത്തി യാതൊരു പദ്ധതിയും ആവിഷ്കരിച്ചിട്ടില്ല. കൂടാതെ അംഗീകാരം ലഭിച്ച പ്രൊജക്ടുകളും നടപ്പിലാക്കിയിട്ടില്ല.

സേവന മേഖല

വി.ഇ. ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി ഭവന നിർമ്മാണം ജനറൽ, വനിത, ഭവന പുനരുദ്ധാരണം, ഐ.എ.വൈ, ഉറവിട മാലിന്യ സംസ്കരണം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന് 76.10 ലക്ഷം രൂപ വകയിരുത്തിയതിൽ 51.95 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി അങ്കണവാടി പോഷകാഹാരം, അങ്കണവാടി പ്രവർത്തകർക്ക് അധിക വേതനം, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന് 38.89 ലക്ഷം രൂപ വകയിരുത്തിയതിൽ 32.19 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. വനിതകൾക്ക് ഓട്ടോ റിക്ഷ വാങ്ങൽ എന്ന പദ്ധതിക്ക് വികസന ഫണ്ട് ജനറൽ 7.5 ലക്ഷം രൂപ, തനത് ഫണ്ട് 0.10 ലക്ഷം, മറ്റുള്ളവ 36.10 ലക്ഷം എന്നിവയുൾപ്പെടുത്തി 43.70 ലക്ഷം രൂപ അടങ്കലുള്ള പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടില്ല.

വിദ്യാഭ്യാസം

എസ്.എസ്.എ – സ്കൂളുകൾക്ക് പഠനോപകരണങ്ങൾ, മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന് 24.75 ലക്ഷം രൂപ വകയിരുത്തിയതിൽ 24.11 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. സ്കൂളുകൾക്ക് ഉച്ചഭക്ഷണ പാത്രങ്ങൾ, പത്താംക്ലാസ് വിദ്യാർത്ഥികൾക്ക് ലഘുഭക്ഷണം, കായിക പരിശീലനം എന്നീ പദ്ധതികൾക്കായി തനത് ഫണ്ടിൽ നിന്നും 3 ലക്ഷം രൂപ വകിയിരുത്തി പദ്ധതികൾക്ക് അംഗീകാരം വാങ്ങിയെങ്കിലും ഒരു പദ്ധതിയും നടപ്പിലാക്കിയിട്ടില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് 1.22 കോടി രൂപ വകയിരുത്തിയതിൽ 64.87 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. മേൽ ചെലവിൽ 33 ലക്ഷം രൂപ വിവിധ കുടിവെള്ള പദ്ധതികൾക്കായി കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകയാണ്. കൂടാതെ 19.48 ലക്ഷം രൂപ ചെലവഴിച്ച് പഞ്ചായത്ത് ഓഫീസിൽ സോളാർ സ്ഥാപിച്ചിട്ടുണ്ട്.

അസി. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് 21.42 ലക്ഷം രൂപ വകയിരുത്തിയതിൽ 11.88 ലക്ഷം രൂപ വിനിയോഗിക്കുകയുണ്ടായി. പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് യൂണിഫോം, പഠനോപകരണങ്ങൾ, ഫർണിച്ചർ, ആശ്രയ പദ്ധതി എന്നിവയാണ് നടപ്പിലാക്കിയ പ്രധാന പദ്ധതികൾ.

പശ്ചാത്തല മേഖല

പശ്ചാത്തല മേഖലയിൽ റോഡ് ടാറിംഗ്, റീ ടാറിംഗ്, സോളിംഗ്, അങ്കണവാടി കെട്ടിടം, ചുറ്റുമതിൽ, സ്കൂളുകൾക്ക് കഞ്ഞിപ്പുര തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് 4.21 കോടി രൂപ വകയിരുത്തിയതിൽ 2.57 കോടി രൂപ വിനിയോഗിക്കുകയുണ്ടായി.

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം |
|---|---|---|
| നികുതി വരവുകൾ | 1,19,77,830 | 89,94,229 |
| നികുതിയേതര വരവുകൾ | 18,02,130 | 16,29,623 |
| മറ്റു വരവുകൾ | 1,13,95,373 | 1,41,17,135 |
| ആകെ | 2,51,75,333 | 2,47,40,987 |

## 1-8 ക്ഷേമപദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ചതുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2,02,560 | 115 |
| കർഷകതൊഴിലാളി പെൻഷൻ | 22,09,740 | 327 |
| വിധവാപെൻഷൻ | 1,32,07,600 | 1,574 |
| വാർദ്ധക്യകാലപെൻഷൻ | 54,01,890 | 967 |
| വികലാംഗപെൻഷൻ | 30,51,090 | 425 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 10,60,520 | 125 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 9,00,000 | 30 |

## 1-9 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്ത് ഫ്രണ്ട് ഓഫീസ് പ്രവർത്തനം പണം പിരിവിലും, അപേക്ഷകൾ സ്വീകരിക്കുന്നതിലുമായി ചുരുങ്ങിയിരിക്കുന്നു. ഫ്രണ്ട് ഓഫീസ് പ്രവർത്തന മാർഗ്ഗരേഖ പാലിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുവാനും, പൊതുജനങ്ങൾക്ക് സേവനം സമയബന്ധിതമായി ലഭ്യമാക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ബന്ധപ്പെട്ട രജിസ്റ്ററുകളുടെ സൂക്ഷിപ്പും ഉറപ്പുവരുത്തേണ്ടതാണ്. കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ സർക്കാർ നിർദ്ദേശപ്രകാരം തന്നെ എഴുതി സൂക്ഷിക്കേണ്ടതും എല്ലാ കോളങ്ങളും കൃത്യമായി പൂരിപ്പിക്കേണ്ടതുമാണ്.

വർക്കിംങ് ഗ്രൂപ്പ് മിനിട്സുകൾ, ഗ്രാമ സഭായോഗ മിനിട്സുകൾ എന്നിവ യഥാവിധി ക്ലോസ്സ് ചെയ്ത് സൂക്ഷിക്കേണ്ടതും, വർക്കിംങ് ഗ്രൂപ്പ് യോഗതീരുമാനങ്ങൾ പൂർണ്ണമായി മിനിട്സിൽ രേഖപ്പെടുത്തേണ്ടതുമാണ്.

സാമൂഹ്യ സുരക്ഷാ പെൻഷനുകൾ പുതുതായി അനുവദിക്കുമ്പോൾ ഗുണഭോക്തൃപ്പട്ടികയ്ക്ക് ഭരണസമിതിയുടെ അംഗീകാരം വാങ്ങേണ്ടതാണ്.

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന

20-09-2016 ന് (3.45 pm) സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 93,541രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.8.2016 മുതൽ 22.8.16 വരെ | 1.4.2016 –മുതൽ 31.7.16 വരെ | 22.8.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ഇല്ല. | ഇല്ല. | ഇല്ല. |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി നിർണ്ണയത്തിൽ അപാകത ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടം.

വസ്തു നികുതിയുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ വസ്തു നികുതി നിർണ്ണയത്തിൽ പല അപാകതകളും കാണുകയുണ്ടായി. 14.01.2011-ലെ കേരള സർക്കാരിന്റെ സ.ഉ(അ) നമ്പർ 20/2011/ത.സ്വ.ഭ.വ വിജ്ഞാപന പ്രകാരം നിലവിൽ വന്ന 2011-ലെ പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ അനുസരിച്ച് ഉദുമ ഗ്രാമ പഞ്ചായത്തിലെ വിവിധതരം ഉപയോഗങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി നിർണ്ണയിച്ച് നമ്പർ എ 4-7717/11 തീയ്യതി 29.10.2011 പ്രകാരം പ്രസിദ്ധപ്പെടുത്തിയിരുന്നു. ആയതിൻ പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പ്, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നികുതി നിരക്ക് 1 ചതുരശ്ര മീറ്ററിന് 50 രൂപയാണ്. 100 ചതുരശ്ര മീറ്റർ വരെയുള്ള കെട്ടിടങ്ങൾക്കാണ് 42 രൂപ നിരക്ക്. എന്നാൽ താഴെ വിവരിക്കുന്ന കെട്ടിടത്തിന് അവയുടെ തറവിസ്തീർണ്ണത്തിനനുസരിച്ച് നികുതി നിശ്ചയിക്കാതെ, കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിച്ച് വസ്തു നികുതി വരവിൽ കുറവ് വന്നതായി കാണുന്നു. ആയത് പരിഹരിച്ചിട്ടുണ്ടെങ്കിൽ ആ വിവരം എത്രയും പെട്ടെന്നു തന്നെ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

ഉടമസ്ഥന്റെ പേര് -- കെ.അബ്ബാസ് മുതൽ 11 പേർ,

കെട്ടിട നമ്പർ **-- Ward No 18, 138A** മുതൽ-**138A 15,**

കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം**(m2)-GF-419.09**

**FF-475.50**

**SF-475.50**

ആകെ- **1370.09**

| കെട്ടിടത്തിന്റെ നിലകളുടെ വിവരം | കെട്ടിടത്തിന് നിശ്ചയിച്ച നികുതി നിരക്ക് | കെട്ടിടത്തിന് നിശ്ചയിക്കേണ്ടിയിരുന്ന നികുതി നിരക്ക് | കുറവ് വന്ന തുക |
|---|---|---|---|

| | നികുതി | വർദ്ധന | ഇളവ് | ആകെ | നികുതി | വർദ്ധന | ഇളവ് | ആകെ | |
|---|---|---|---|---|---|---|---|---|---|
| G.F-419.09 M2 | 42 X 419.09=17602 | 20%= 3521 | -- | 21123 | 50 X 419.09= 20955 | 20%= 4191 | -- | 25146+ LC | 4023+LC |
| F.F-475.50 M2 | 42 X 475.50= 19971 | 20%= 3995 | 5%= 999 | 22967 | 50 X 475.50= 23775 | 20%= 4755 | 5%= 1189 | 27341+ LC | 4374+LC |
| S.F-475.50 M2 | 42 X 475.50= 19971 | 20%= 3995 | 10%= 1997 | 21969 | 50 X 475.50= 23775 | 20%= 4755 | 10%= 2378 | 26152+ LC | 4183+LC |
| ആകെ | | | | | | | | | **12,580+LC** |

മുകളിൽ വിവരിച്ച 13,209 (12580+629)രൂപ ഉത്തരവാദിത്തപ്പെട്ട വ്യക്തികളിൽ നിന്ന് ഈടാക്കുവാനും, അസ്സസ്സെമെന്റിൽ വന്ന വ്യത്യാസത്തിനുള്ള കാരണവും വിശദീകരിക്കുന്നതിനും വേണ്ടി ഓഡിറ്റ് എൻക്വയറി നം-14/29.9.2016 പ്രകാരം ആവശ്യപ്പെട്ടതിനെ തുടർന്ന്, വസ്തു നികുതി അസ്സസ്മെന്റ് ക്രമീകരിക്കുകയും നഷ്ട തുക ഈടാക്കുകയും ചെയ്തിട്ടുണ്ട്.

## 2-2 വസ്തുനികുതി പരിഷ്കരണം പൂർത്തിയായില്ല.

14.01.2011 ലെ 20/2011/തസ്വഭവ നമ്പർ അസാധാരണ സർക്കാർ ഉത്തരവ് പ്രകാരം നിലവിൽ വന്ന 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും സർച്ചാർജ്ജും)ചട്ടങ്ങൾ നിലവിൽ വന്നു. ഈ ചട്ടങ്ങൾക്ക് 13.03.2013 ലെ ജി.ഒ(പി)88/2013/തസ്വഭവ വിജ്ഞാപന പ്രകാരം ഭേദഗതിവരുത്തി വസ്തുനികുതി നിർണ്ണയം 01.04.2013 മുതൽ എല്ലാ കെട്ടിടങ്ങൾക്കും ബാധകമാക്കിയിരുന്നു. തുടർന്ന് സ.ഉ.(എം.എസ്)നം.210/13/ തസ്വഭവ തീ.4.6.2013 പ്രകാരം പുതിയ നികുതി ദായകർക്ക് 1.4.2011 മുതലും, ARV പ്രകാരം നികുതി അടക്കുന്നവർക്ക് 1.4.2013 മുതലും വസ്തു നികുതി പരിഷ്കരണം ബാധകമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വസ്തു നികുതി പരിഷ്കരണം നടപ്പിലാക്കുന്നതിന്റെ രേഖകൾ പരിശോധിച്ചപ്പോൾ വസ്തു നികുതി പരിഷ്കരണം പൂർത്തിയായതായി കാണുന്നില്ല. നിലവിലുള്ള രേഖകൾ പ്രകാരം 21 വാർഡുകളിലെ കെട്ടിടങ്ങൾക്കാണ് വസ്തു നികുതി നിർണ്ണയം നടത്തേണ്ടിയിരുന്നത്. ബഹു പഞ്ചായത്ത് ഡയരക്ടരുടെ 18.06.2013ലെ സി3/6865/2011 നം കത്ത് പ്രകാരവും, ഇതിനോടനുബന്ധിച്ച് കാസർഗോഡ് ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടരുടെ 18.6.2013ലെയും, 28.6.2013ലെയും കത്ത് നം ബി 4132/2013 പ്രകാരവും വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച വിവരശേഖരണം 30.6.2013 നകം പൂർത്തിയാക്കുവാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവുകൾ പാലിച്ചതായി കാണുന്നില്ല. എത്രയും പെട്ടെന്ന തന്നെ വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 നിർമ്മാണാനുമതി നൽകിയ കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരങ്ങൾ അവ്യക്തം.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 17(1) പ്രകാരം ഒരു കെട്ടിട നിർമ്മാണാനുമതി 3 വർഷത്തേക്ക് സാധുവായിരിക്കുന്നതാണ്. സാധുതാ കാലയളവിനുള്ളിൽ അപേക്ഷ സമർപ്പിക്കുന്നതിന്മേൽ ഓരോ മൂന്ന് വർഷക്കാലാവധിക്ക് രണ്ടു പ്രാവശ്യം കൂടി പെർമിറ്റ് കാലാവധി നീട്ടി നൽകാവുന്നതാണ്. എന്നാൽ ഒമ്പത് വർഷക്കാലയളവിനപ്പുറം പെർമിറ്റ് നീട്ടുകയോ പുതുക്കുകയോ ചെയ്യുവാൻ

ചട്ടങ്ങളിലെ X-A അദ്ധ്യായ പ്രകാരം രൂപീകൃതമായ കമ്മിറ്റിയുടെ ശുപാർശ കൂടി ആവശ്യമാണ്.പഞ്ചായത്തിലെ 2009-10 മുതലുള്ള കെട്ടിട അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ നിർമ്മാണാനുമതിയുടെ 3 വർഷം സാധുതാ കാലയളവ് അവസാനിച്ചതിനു ശേഷവും അനവധി കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരം രേഖപ്പെടുത്താതെയും നിർമ്മാണാനുമതികൾ നീട്ടി നൽകാതെയും പുതുക്കാതെയും തുടരുന്നതായി കാണുന്നു. ഈ കെട്ടിടങ്ങൾ പൂർത്തീകരിച്ചതായോ, നിർമ്മാണാനുമതിയുടെ സാധുതാ കാലയളവിനുള്ളിൽ അനുമതി നീട്ടി നൽകിയതായോ സാധുതാ കാലവളവ് അവസാനിച്ച ശേഷം അനുമതി പുതുക്കിയതായോ രേഖപ്പെടുത്തിയിട്ടില്ല. സാധുതാ കാലയളവ് അവസാനിച്ച ശേഷവും പുതുക്കാതെയും കാലാവധി നീട്ടി നൽകാതെയും തുടരുന്ന കെട്ടിട നിർമ്മാണ അനുമതികളിന്മേൽ പഞ്ചായത്ത് യാതൊരു നടപടികളും കൈക്കൊണ്ടിട്ടില്ല . 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങളിലെ ചട്ടം 4 അനുസരിച്ച് സാധുവായ പെർമിറ്റില്ലാതെ ഭൂവികസനം, കെട്ടിട നിർമാണം തുടങ്ങിയ പ്രവൃത്തികൾ നടത്താവുന്നതല്ല. സമയാസമയം നടപടികൾ കൈക്കൊള്ളുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ഉണ്ടായ വീഴ്ച കാരണം കെട്ടിടങ്ങൾ ക്രമവത്കരണം നടത്തേണ്ടുന്ന പക്ഷം ആയിനത്തിലും,FAR നുള്ള അധിക ഫീസ്, അധിക പെർമിറ്റ് ഫീസ് തുടങ്ങിയ ഇനങ്ങളിലും പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവാനിടയുണ്ട്.

## 2-4 കെട്ടിട നിർമ്മാണപെർമിറ്റ് നല്കുന്നതുമായി ബന്ധപ്പെട്ടുള്ള അപാകതകൾ.

ഗ്രാമ പഞ്ചായത്തിൽ കെട്ടിട നിർമ്മാണപെർമിറ്റ് നല്കുന്നതുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1) കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്റർ പൂർണ്ണമായി പൂരിപ്പിക്കുന്നില്ല.

ഓഡിറ്റ് കാലയളവിലെ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിൽ പൂർത്തീകരണ തിയ്യതി (Date of Completion),അസ്സസ്സ്മെന്റ് നമ്പർ (Assesment no), വസ്തു നികുതി (Property Tax) എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

2)പെർമിറ്റിനുള്ള അപേക്ഷയിൻമേൽ ചട്ടപ്രകാരമുള്ള സമയ പരിധിക്കകം തീർപ്പ് കല്പിക്കുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 14പ്രകാരം, കെട്ടിട നിർമ്മാണം/മാറ്റം വരുത്തൽ/കൂട്ടിച്ചേർക്കൽ എന്നിവയ്ക്കായുള്ള അപേക്ഷ ലഭിച്ചതുമുതൽ 30 ദിവസത്തിനകം സൈറ്റുകളുടെയും പ്ലാനുകളുടെയും അംഗീകാരം/ നിരസിക്കൽ രേഖാമൂലം സെക്രട്ടറി അപേക്ഷകന് നല്കേണ്ടതുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റ് റജിസ്റ്റർ പരിശോധിച്ചതിൽ മേൽ ചേർത്ത സമയ പരിധിപാലിക്കപ്പെടാത്തതായി ശ്രദ്ധയിൽപ്പെട്ടു.

3)വയൽ കമ്മറ്റി (നിലം കമ്മിറ്റി) പ്രവർത്തനം- വിശദവിവരം ലഭ്യമല്ല.

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമംബാധകമാക്കുന്നതിനു മുമ്പ് റവന്യൂരേഖകളിൽ നിലമെന്ന് രേഖപ്പെടുത്തിയ സ്ഥലങ്ങളിൽ 300 ച.മീറ്ററിൽ കുറവ് വിസ്തീർണ്ണമുള്ള വീടുകൾ നിർമ്മിക്കുന്നതിനായി റവന്യൂ,കൃഷി വകുപ്പധികൃതർ ഉൾപ്പെട്ട വയൽകമ്മിറ്റി രൂപീകരിക്കേണ്ടതും ടി കമ്മിറ്റിയുടെ ശുപാർശയിൻമേൽ നിർമ്മാണാനുമതി നല്കാവുന്നതുമാണ്. (31.7.2008 ലെ 45846/RAI/08/LSGD, 23.9.2008 ലെ 59655/RAI /08/LSGD സർക്കുലറുകൾ പ്രകാരം)സർക്കുലർ പ്രകാരം കമ്മിറ്റി ഓരോമാസവും യോഗം ചേരേണ്ടതുമാണ്. എന്നാൽ വയൽ കമ്മിറ്റിയുടെ, മിനുട്സ് ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കമ്മിറ്റി രൂപീകരിച്ചത് മുതലുള്ള മിനുട്സ് ലഭ്യമാക്കാത്തത് കാരണം കമ്മിറ്റിയുടെ ശുപാർശ പ്രകാരം മുൻവർഷങ്ങളിൽ അനുമതി നല്കിയ / നിരസിച്ച കെട്ടിട നിർമ്മാണ അപേക്ഷകളുടെ വിശദവിവരം പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-5 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 09/2016/27-09-2016 )

2015-16 വർഷത്തെ തൊഴിൽ നികുതി പരിശോധനയിൽ താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരുടെ പേര്/തസ്തിക | സ്ഥാപനം | തൊഴിൽ നികുതി അടവാക്കേണ്ട കാലയളവ് |
|---|---|---|---|
| 1 | സി.കുഞ്ഞിരാമൻ നായർ<br>ആധാരം എഴുത്ത് | ആധാരം എഴുത്ത് | 2015-16 ഒന്നും,രണ്ടും അർദ്ധവർഷം |
| 2 | കുഞ്ഞമ്പു പൊതുവാൾ<br>ആധാരം എഴുത്ത് | ആധാരം എഴുത്ത് | 2015-16 ഒന്നും,രണ്ടും അർദ്ധവർഷം |
| 3 | കെ.ബാലകൃഷ്ണൻ<br>ആധാരം എഴുത്ത് | ആധാരം എഴുത്ത് | 2015-16 ഒന്നും,രണ്ടും അർദ്ധവർഷം |
| 4 | പി.നാരായണൻ<br>ആധാരം എഴുത്ത് | ആധാരം എഴുത്ത് | 2015-16 ഒന്നും,രണ്ടും അർദ്ധവർഷം |
| 5 | ഉഷ.എസ്. HSST കെമസ്ട്രി | ഗവ.HSS ഉദുമ | 2015-16 രണ്ടാം അർദ്ധവർഷം |
| 6 | അബ്ദുൾ നാസർ<br>നഴ്സിംഗ് അസിസ്റ്റന്റ് | പി.എച്ച്.സി ഉദുമ | 2015-16 രണ്ടാം അർദ്ധവർഷം |
| 7 | ശശിധരൻ<br>നഴ്സിംഗ് അസിസ്റ്റന്റ് | പി.എച്ച്.സി ഉദുമ | 2015-16 രണ്ടാം അർദ്ധവർഷം |
| 8 | കെ.ഷിബു<br>ജൂനിയർ ക്ലർക്ക് | ഉദുമ സർവ്വീസ് സഹകരണ ബാങ്ക് | 2015-16 രണ്ടാം അർദ്ധവർഷം |
| 9 | ബിന്ദു. പി.ഡി<br>എച്ച്.എസ്.എ | GFSS ബേക്കൽ | 2015-16 രണ്ടാം അർദ്ധവർഷം |
| 10 | സതി.കെ<br>എസ്.ഡബ്ല്യൂ.ഒ | എസ്.ബി.ടി.ഉദുമ | 2015-16 രണ്ടാം അർദ്ധവർഷം |
| 11 | ബനവത് എസ് കുമാർ നായ്ക്ക്<br>പി.ഒ | എസ്.ബി.ടി.ഉദുമ | 2015-16 രണ്ടാം അർദ്ധവർഷം |
| 12 | രമ്യ.കെ<br>ജൂനിയർ അസിസ്റ്റന്റ് | കെ.എസ്.എഫ്.ഇ,ഉദുമ | 2015-16 രണ്ടാം അർദ്ധവർഷം |
| 13 | മുരളീധരൻ<br>ഡ്രൈവർ | ഉദുമ ഗ്രാമ പഞ്ചായത്ത് | 2015-16 ഒന്നാം അർദ്ധവർഷം |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 സ്ഥാപനങ്ങൾ അവയുടെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 09/2016/27-09-2016 )

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം ജീവനക്കാരും / തൊഴിലാളികളും

തൊഴിൽ സ്ഥാപനവും തങ്ങളുടെ തൊഴിൽ നികുതി ഒടുക്കേണ്ടതുണ്ട്.തൊഴിൽ സ്ഥാപനങ്ങൾ അർദ്ധ വാർഷിക ടേൺഓവറിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് നികുതി ഒടുക്കണം.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം താഴെപറയുന്ന സ്ഥാപനം അവയുടെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | സ്ഥാപന തൊഴിൽ നികുതി അടവാക്കേണ്ട കാലയളവ് |
|---|---|---|
| 1 | ഭാരത് പെട്രോളിയം കോർപ്പറേഷൻ,ഉദുമ | 2015-16 ഒന്നും,രണ്ടും അർദ്ധവർഷം |
| 2 | റോക്ക് ലാന്റ് ഫ്യൂവൽസ് | 2015-16 ഒന്നും,രണ്ടും അർദ്ധവർഷം |
| 3 | ചന്ദ്രഗിരി ദന്തൽ ക്ലീനിക്ക്,ഉദുമ | 2015-16 ഒന്നും,രണ്ടും അർദ്ധവർഷം |
| 4 | കേഡീസ് ദന്തൽ ക്ലീനിക്ക്, ഉദയമംഗലം | 2015-16 ഒന്നും,രണ്ടും അർദ്ധവർഷം |
| 5 | സാഗർ ഓഡിറ്റോറിയം | 2015-16 ഒന്നും,രണ്ടും അർദ്ധവർഷം |
| 6 | മാഷ് ഓഡിറ്റോറിയം | 2015-16 ഒന്നും,രണ്ടും അർദ്ധവർഷം |
| 7 | അംബിക ഓഡിറ്റോറിയം | 2015-16 ഒന്നും,രണ്ടും അർദ്ധവർഷം |
| 8 | സംഗം ഓഡിറ്റോറിയം | 2015-16 ഒന്നും,രണ്ടും അർദ്ധവർഷം |
| 9 | എരോൽ പാലസ് ഓഡിറ്റോറിയം | 2015-16 ഒന്നും,രണ്ടും അർദ്ധവർഷം |
| 10 | ശക്തി ഓഡിറ്റോറിയം | 2015-16 ഒന്നും,രണ്ടും അർദ്ധവർഷം |

മേൽപറഞ്ഞ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ബന്ധപ്പെട്ട അർദ്ധവർഷങ്ങളിലെ സ്ഥാപന നികുതി ഈടാക്കി വിവരം ഓഡിറ്റിന് അറിയിക്കേണ്ടതാണ്.

## 2-7 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 09/2016/27-09-2016 )

പഞ്ചായത്ത് പ്രദേശത്ത് ജോലി ചെയ്യുന്ന അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.2015-16 സാമ്പത്തിക വർഷത്തിലെ ടെണ്ടർ രജിസ്റ്റർ പ്രകാരം പ്രവൃത്തി നൽകിയ കരാറുകാരുടെ വിവരം താഴെ കൊടുക്കുന്നു ( 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം,വകുപ്പ് 204 )

| ക്രമ നമ്പർ | കരാറുകാരന്റെ പേര് | തൊഴിൽനികുതി അടവാക്കേണ്ട കാലയളവ് |
|---|---|---|
| 1 | ഗോപാലൻ.കെ<br>പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ,<br>ഉദുമ വെസ്റ്റ് | 2015-16 ഒന്നും,രണ്ടും അർദ്ധവർഷം |
| 2 | മുഹമ്മദ് ഹാസീം<br>പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ,<br>മാങ്ങാട് വീട്,ബാര.പി.ഒ,ഉദുമ | 2015-16 ഒന്നും,രണ്ടും അർദ്ധവർഷം |
| 3 | മുഹമ്മദ് കുഞ്ഞി.കെ<br>പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ,<br>സുഹൈർ മൻസിൽ<br>മാങ്ങാട്.പി.ഒ | 2015-16 ഒന്നും,രണ്ടും അർദ്ധവർഷം |

മേൽപറഞ്ഞ കരാറുകാരിൽ നിന്നും 2015-16 വർഷത്തെ അർദ്ധവർഷത്തെ വരുമാനത്തിനനുപാതികമായ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 2-8 വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 09/2016/27-09-2016 )

പഞ്ചായത്ത് പ്രദേശത്ത് വിവിധ കച്ചവടങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം ക്രമ നമ്പർ | കച്ചവട സ്ഥാപനത്തിന്റെ കെട്ടിട നമ്പർ | കച്ചവടക്കാരന്റെ പേരും/വിലാസവും | തൊഴിൽ നികുതി അടവാക്കേണ്ട കാലയളവ് |
|---|---|---|---|---|
| 1 | 11/15-16 | l1/213 | എം.കെ.കൃഷ്ണൻ<br>s/o കെ.കൊറഗൻ<br>നാലാംവാതുക്കൽ | 2015-16<br>അർദ്ധവർഷം |
| 3 | 113/15-16 | 1/882-B | ഹരിഹരസുധൻ.എ.വി<br>s/o എ.വി.കുഞ്ഞിരാമൻ<br>രാധ നിവാസ്<br>പള്ളം പി.ഒ | 2015-16<br>അർദ്ധവർഷം |

മേൽ വിവരിച്ച കച്ചവടക്കാരിൽ നിന്നും അവരുടെ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-9 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 09/2016/27-09-2016 )

ഉദുമ ഗ്രാമ പഞ്ചായത്ത് പരിധിയിലെ വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാർ 2015-16 വർഷത്തിലെ ഒന്ന് / രണ്ട് അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് ഉണ്ടായിട്ടുണ്ട്.വിശദവിവരം ചുവടെ ചേർക്കുന്നു.

| ജീവനക്കാരന്റെപേര് /ഉദ്യോഗ പേര് / സ്ഥാപനത്തിന്റെ പേരും | നികുതി അടവാക്കേണ്ടകാലയളവ് | ഒന്നാം അർദ്ധ വർഷത്തെ ആകെ വരുമാനം | അടവാക്കേണ്ട തെഴിൽ നികുതി | അടവാക്കിയ തെഴിൽ നികുതി (രസീതി നമ്പർ / തീയ്യതി ) | കുറവ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| നിർമ്മലകുമാരി.വി<br>പി.ടി.സി.എം<br>ഗവ: എൽ.പി.സ്കൂൾ<br>തിരുവക്കോളി | 2015-16 ഒന്നാം അർദ്ധവർഷം | 60,066 | 600 | 450<br>11504103199/<br>31-08-2015 | 150 |
| ജിസ്ന.ടി<br>പി.ജി.ടി<br>ഗ്രീൻ വുഡ്സ് പബ്ലിക്ക് സ്കൂൾ | 2015-16 ഒന്നാം അർദ്ധവർഷം | 70,000 | 600 | 450<br>1504500013/<br>09-09-2015 | 150 |
| സുമതി.പി.വി<br>ടി.ജി.ടി<br>ഗ്രീൻ വുഡ്സ് പബ്ലിക്ക് സ്കൂൾ | 2015-16 രണ്ടാം അർദ്ധവർഷം | 75,000 | 750 | 600<br>11504500034/<br>01-03-2016 | 150 |
| ബിന്ദു.കെ.വി<br>ടി.ജി.ടി<br>ഗ്രീൻ വുഡ്സ് പബ്ലിക്ക് സ്കൂൾ | 2015-16 രണ്ടാം അർദ്ധവർഷം | 84,000 | 750 | 600<br>11504500034/<br>01.03.2016 | 150 |
| നിധിൻ.ടി<br>ലളിത് റിസോർട്ട് & സ്പ | 2015-16 ഒന്നാം അർദ്ധവർഷം | 82,890 | 750 | ഈടാക്കിയിട്ടില്ല | 750 |
| ആകെ | | | | | 1,350 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി കുറവ് വന്ന 1,350/-രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 2-10 പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടം വാടകയ്ക്ക് ഏറ്റെടുത്ത വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 09/2016/27-09-2016 )

2015-16 സാമ്പത്തിക വർഷത്തേക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടം വാടകയ്ക്ക് ഏറ്റെടുത്ത താഴെക്കൊടുത്തിരിക്കുന്ന വിവിധ കച്ചവടങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഷോപ്പിംങ് കോംപ്ലക്സ് വാടക രജിസ്റ്റർ പ്രകാരം<br>പേജ് നമ്പർ | കച്ചവട സ്ഥാപനത്തിന്റെ<br>കെട്ടിട നമ്പർ | കച്ചവടക്കാരന്റെ പേരും/വിലാസവും | തൊഴിൽ നികുതി അടവാക്കേണ്ട കാലയളവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 4 | 1/391<br>1/392<br>1/393<br>1/394<br>1/400<br>1/401 | രാജേഷ് ആൽവ<br>ബദിയഡുക്ക ഹൗസ്സ്<br>പെർഡാല പി.ഒ | 2015-16<br>അർദ്ധവർഷം |
| 2 | 5 | 1/395 | സുജാത w/o രാഘവൻ | 2015-16<br>അർദ്ധവർഷം |
| 3 | 6 | 1/397 | സുബ്രഹ്മണ്യൻ | 2015-16<br>അർദ്ധവർഷം |
| 4 | 7 | 1/399 | രാജേഷ്.കെ | 2015-16<br>അർദ്ധവർഷം |
| 5 | 8 | 1/402 | എൻ.ബി.അബ്ദുൾ മജീദ് | 2015-16<br>അർദ്ധവർഷം |
| 6 | 9 | 1/403 | സുനിത ചന്ദ്രൻ | 2015-16<br>അർദ്ധവർഷം |
| 7 | 10,11 | 1/387<br>1/388 | മൈമൂന.എം,<br>വെടിക്കുന്ന് | 2015-16<br>അർദ്ധവർഷം |
| 8 | 12,13,14 | 1/389<br>1/390<br>1/398 | ശ്രീകല | 2015-16<br>അർദ്ധവർഷം |

മേൽ വിവരിച്ച കച്ചവടക്കാരിൽ നിന്നും അവരുടെ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-11 സി.ബി.എസ്.ഇ. സ്കൂളിൽ നിന്നും ഈടാക്കുന്ന തൊഴിൽ നികുതി കുറവ്.

സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യുക്കേഷന്റെ അഫിലിയേഷൻ ബൈലോ, 1988 ലെ പ്രകാരം ഇന്ത്യയിൽ പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ. സ്കൂൾകളിലെ ജീവനക്കാർക്ക് അതേ തസ്തികയിൽ ജോലി ചെയ്യുന്ന സംസ്ഥാന സർക്കാർ സ്കൂളുകളിലെ ജീവനക്കാർക്ക് നൽകുന്ന വേതനവും, മറ്റു ആനുകൂല്യങ്ങളും നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2015-16 വർഷത്തിൽ സി.ബി.എസ്.ഇ.അഫിലിയേഷനോടുകൂടി പ്രവർത്തിച്ചു വരുന്ന ഗ്രീൻ വുഡ്സ് പബ്ലിക്ക് സ്കൂൾ,ഗ്രീൻ വുഡ്സ് അക്കാദമി ഓഫ് ഹയർ എഡ്യുക്കേഷൻ,അംബിക ഇംഗ്ലീഷ് മീഡിയം സ്കൂൾ പാലക്കുന്ന്,ന്യൂറൽ ഹ്ദ്ര ഇംഗ്ലീഷ് മീഡിയം സ്കൂൾ,കോട്ടിക്കുളം എന്നീ സ്ഥാപനങ്ങൾ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ അടിസ്ഥാന ശമ്പളം മാത്രമാണ് അർദ്ധവാർഷിക വരുമാന പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അടിസ്ഥാന ശമ്പളം തന്നെ വളരെ കുറവാണ്.ഈ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിൽ സി.ബി.എസ്.ഇ-യുടെ മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനം നടക്കുന്നതായി സംശയിക്കുന്നു.ആയതിനാൽ ഇതു സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തേണ്ടതാണ്.കൂടാതെ തൊഴിൽ നികുതി ഈടാക്കുന്നതിൽ കുറവ് വന്നിട്ടുണ്ടെങ്കിൽ ആയത് ഈടാക്കേണ്ടതുമാണ്.

## 2-12 ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിട വാടക ഈടാക്കിയിട്ടില്ല

(ഓഡിറ്റ് എൻക്വയറി നമ്പർ 09/2016/27-09-2016 )

2015-16 സാമ്പത്തിക വർഷത്തേക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടം വാടകയ്ക്ക് ഏറ്റെടുത്ത താഴെക്കൊടുത്തിരിക്കുന്ന കച്ചവടക്കാരിൽ നിന്നും മാർച്ച് 2016 ലെ വാടക ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ/<br>കെട്ടിട നമ്പർ | വാടകക്കാരന്റെ പേരും, വിലാസവും | മാസവാടക | വാടക ഈടാക്കാനുള്ള മാസം | കുറവ് |
|---|---|---|---|---|
| 1/389 | ശ്രീകല | 900 | മാർച്ച് | 900 |
| 1/390 | ശ്രീകല | 900 | മാർച്ച് | 900 |
| 1/398 | ശ്രീകല | 900 | മാർച്ച് | 900 |
| 1/397 | സുബ്രഹ്മണ്യൻ | 704 | മാർച്ച് | 704 |
| ആകെ | | | | 3,404 |

മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ വാടകയായ 3,404/- രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 2-13 വ്യാപാരികളിൽ നിന്നും ഡി.& ഒ ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 09/2016/27-09-2016 )

2015-16 സാമ്പത്തിക വർഷത്തേക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടം വാടകയ്ക്ക് ഏറ്റെടുത്ത താഴെക്കൊടുത്തിരിക്കുന്ന കച്ചവടക്കാരുടെ ഡി ആന്റ് ഒ ലൈസൻസ് ഫീ രജിസ്റ്ററുകളും, അപേക്ഷകളും മറ്റ് അനുബന്ധ രേഖകളും പരിശോധിച്ചപ്പോൾ 1996 –ലെ കേരള പഞ്ചായത്ത് രാജ് (ആപൽകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടം 7 പ്രകാരം രണ്ടാം പട്ടികയിൽ വിവരിക്കുന്ന നിരക്കിലുള്ള ഫീസ് ഈടാക്കിയതായി കാണുന്നില്ല വിശദവിവരം താഴെ കൊടുക്കുന്നു

| ക്രമ നം | ഷോപ്പിംങ് കോംപ്ലക്സ് വാടക രജിസ്റ്റർ പ്രകാരം | കച്ചവട സ്ഥാപനത്തിന്റെ | കച്ചവടക്കാരന്റെ പേരും/വിലാസവും | ഡി.& ഒ ലൈസൻസ് ഫീ ഈടാക്കേണ്ട കാലയളവ് |
|---|---|---|---|---|

| | പേജ് നമ്പർ | കെട്ടിട നമ്പർ | | |
|---|---|---|---|---|
| 1 | 4 | 1/391<br>1/392<br>1/393<br>1/394<br>1/400<br>1/401 | രാജേഷ് ആൽവ<br>ബദിയഡുക്ക ഹൗസ്സ്<br>പെർഡാല പി.ഒ | 2015-16 |
| 2 | 5 | 1/395 | സുജാത w/o രാഘവൻ | 2015-16 |
| 3 | 6 | 1/397 | സുബ്രഹ്മണ്യൻ | 2015-16 |
| 4 | 7 | 1/399 | രാജേഷ്.കെ | 2015-16 |
| 5 | 8 | 1/402 | എൻ.ബി.അബ്ദുൾ മജീദ് | 2015-16 |
| 6 | 9 | 1/403 | സുനിത ചന്ദ്രൻ | 2015-16 |
| 7 | 10,11 | 1/387<br>1/388 | മൈമൂന.എം, വെടിക്കുന്ന് | 2015-16 |
| 8 | 12,13,14 | 1/389<br>1/390<br>1/398 | ശ്രീകല | 2015-16 |

മേൽ വിവരിച്ച കച്ചവടക്കാരിൽ നിന്നും ഡി & ഒ ലൈസൻസ് ഫീ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-14 ഡി & ഒ ലൈസൻസ് - പൊതു അപാകതകൾ.

ഡി & ഒ ലൈസൻസ് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട പൊതു അപാകതകൾ താഴെകൊടുക്കുന്നു.

1. 2015-16 വർഷത്തിൽ ആകെ 494 അപേക്ഷകരാണ് ഉണ്ടായിരുന്നത്,ഇതിൽ 91 പേർ പുതുതായി കച്ചവടസ്ഥാപനം തുടങ്ങിയവരാണ്.(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരുവർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസത്തിനു മുമ്പായി സമർപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.എന്നാൽ ആകെയുള്ള 494 അപേക്ഷകരിൽ 38 അപേക്ഷകർ മാത്രമാണ് പ്രസ്തുത സമയപരിധിക്കകം അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.എന്നാൽ മേൽ ചട്ടലംഘനത്തിന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 255 ൽ നിഷ്കർഷിച്ചിട്ടുള്ള പിഴശിക്ഷ ഈടാക്കണമെന്ന് വ്യവസ്ഥയുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല. {1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ ചട്ടം 26 കാണുക}
2. അപേക്ഷകൾ മിക്കതും അപൂർണ്ണമാണ്.മിക്ക അപേക്ഷകളിലും വിറ്റു വരവ് കോളം പോലും എഴുതിച്ചേർക്കാത്തയിലാണ്.ചില ഉദാഹരണം ശ്രീ.ടി.വി.ശശി XVIII / 1394, ശ്രീ.ഗണേഷൻ.കെ 1/271,

ശ്രീ.അമീറലി XII/559.വിറ്റു വരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീ നിശ്ചയിക്കുന്നത് എന്നതിനാൽ ഇക്കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

3. പുതുതായി കച്ചവടസ്ഥാപനം തുടങ്ങാനായി അപേക്ഷ നൽകിയ 91 കച്ചവടക്കാരുടെ അപേക്ഷകളിൽ മാത്രമെ അന്വേഷണം നടത്തി അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടുള്ളൂ.ലൈസൻസ് പുതുക്കുന്നവരുടെ അപേക്ഷകളിൽ മേൽ അന്വേഷണ റിപ്പോർട്ട് നടത്തിയിട്ടില്ല.വിറ്റുവരവുകൾ മാറ്റങ്ങൾക്കു വിധേയമായതിനാൽ ലൈസൻസ് പുതുക്കുന്നവരുടെ അപേക്ഷകളിലും അന്വേഷണം നടത്തേണ്ടത് ആവശ്യമാണ്.

4. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ കച്ചവടസ്ഥാപനങ്ങളിലും ഹെൽത്ത് ഇൻസ്പെക്ടർമാർ നേരിട്ട് ചെന്ന് സ്ഥല പരിശോധന നടത്തണമെന്ന് സർക്കാർ നിർദ്ദേശം ഉണ്ടെങ്കിലും നാമമാത്രമായ അപേക്ഷകളിൽ മാത്രമേ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പരിശോധന റിപ്പോർട്ട് / സാനിറ്ററി സർട്ടിഫിക്കറ്റ് കാണാൻ സാധിച്ചിട്ടുള്ളു. കൂടാതെ 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ നിരോധിച്ചുകൊണ്ടുള്ള മലിനീകരണ നിയന്ത്രണ ബോർഡ് വിജ്ഞാപനം പാലിക്കുമെന്ന് അണ്ടർടെക്കിംങ് നൽകണം. എന്നാൽ ഭൂരിഭാഗം അപേക്ഷകളിലും ഇത്തരത്തിലുള്ള സാക്ഷ്യപത്രം വച്ചിട്ടില്ല. വ്യാപരികൾക്ക് ലൈസൻസ് നൽകുബോൾ ഭാവിയിൽ ഇത്തരം അപാകതകൾ വരാതിരിക്കുവാൻവേണ്ടി ശ്രദ്ധിക്കണമെന്ന് ഓഡിറ്റിൽ നിർദ്ദേശിക്കുന്നു.

## 2-15 ട്യൂട്ടോറിയൽസ്ഥാപനങ്ങൾ/സ്വകാര്യആശുപത്രി/പാരമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയുടെ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 09/2016/27-09-2016 )

2015-16 വർഷത്തെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ,സ്വകാര്യ ആശുപത്രി / പാരമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയുടെ രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും ചില സ്ഥാപനങ്ങളുടെ രജിസ്റ്ററേഷൻ പുതുക്കിയിട്ടില്ലാത്തതായി ശ്രദ്ധയിൽപ്പെട്ടു.താഴെപ്പറയുന്ന ഈ സ്ഥാപനങ്ങൾ 2014-15 വർഷത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വന്നിട്ടുള്ളതുമാണ്.

1 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ

A) ബേക്കർ സ്കൂൾ ഓഫ് യോഗ & നാച്ചർ ലൈഫ്

B) മാസ്റ്റർ അക്കാദമി

2 സ്വകാര്യ ആശുപത്രി / പാരമെഡിക്കൽ സ്ഥാപനങ്ങൾ

A) ശുശ്രൂത മെഡിക്കൽ സെന്റർ, പാലക്കുന്ന്
മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ രജിസ്റ്ററേഷൻ പുതുക്കി അവയുടെ രജിസ്റ്ററേഷൻ ഫീസും,പിഴപലിശയും ഉൾപ്പടെ ഈടാക്കി ആയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 2-16 രജിസ്റ്ററുകളുടെ സൂക്ഷിപ്പ്.

2015-16 വർഷത്തെ ഓഡിറ്റ് പരിശോധനയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിൽ താഴെപറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) വിനോദ നികുതി കലക്ഷൻ രജിസ്റ്റർ

2015-16 വർഷത്തിൽ വിനോദ നികുതി വരവ് ഇനത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 54,537/- രൂപ വരവ് ഉണ്ട്.എന്നാൽ വിനോദ നികുതി കലക്ഷൻ രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിലെ വരവ് തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.വിനോദ നികുതി കലക്ഷൻ രജിസ്റ്റർ എഴുതി തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.( ഓഡിറ്റ് എൻക്വയറി നമ്പർ 13/2016 /28-09-2016

).

2) ഷോപ്പിംഗ് കോംപ്ലക്സ് വാടക രജിസ്റ്റർ

2015-16 സാമ്പത്തിക വർഷത്തേക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടം വാടകയ്ക്ക് ഏറ്റെടുത്ത വിവിധ കച്ചവടങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കച്ചവടക്കാരിൽ നിന്നും വാടകയിനത്തിലുള്ള വരവിന്റെ സംക്ഷിപ്തം എഴുതി തയ്യാറാക്കിയിട്ടില്ല.മുഴുവൻ കെട്ടിടങ്ങളുടെയും വാടകയിനത്തിലുള്ള വരവിന്റെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തലുകൾ നടത്തി രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ( ഓഡിറ്റ് എൻക്വയറി നമ്പർ 13/2016 /28-09-2016 ).

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ജീവനക്കാര്യം - ഓണം അഡ്വാൻസ് - തിരിച്ചുപിടിച്ചിട്ടില്ല.

വൗച്ചർ നം.21500377/22.8.2015 പ്രകാരം ഗ്രാമപഞ്ചായത്തിലെ 13 ജീവനക്കാർക്ക് ഓണം ഫെസ്റ്റിവൽ അഡ്വാൻസ് നൽകുന്നതിനായി 1,30,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. അഡ്വാൻസ് തുക കൈപ്പറ്റിയവരിൽ ശ്രീ.വിനോദ്കൃഷ്ണൻ LDC, യെ 26.9.2015ന് അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. ഈ ജീവനക്കാരനിൽ നിന്നും ഒരു ഗഡു, അതായത് 2000/- രൂപ മാത്രമെ അഡ്വാൻസ് തുക തിരച്ചുപിടിച്ചിട്ടുള്ളൂ. ബാക്കി 8000/- രൂപ തിരിച്ചുപിടിക്കാൻ ബാക്കിയുണ്ട്.ഓഡിറ്റ് എൻക്വയറി നം.02/26.9.2016 പ്രകാരം തുക തിരിച്ചുപിടിക്കാത്തതിന് വിശദീകരണം ചോദിച്ചതിന് തിരിച്ചുപിടിക്കാൻ വിട്ടുപോയതാണെന്നും, 2016 ജൂൺ മാസം മുതലുള്ള സബ്സിസ്റ്റൻസ് അലവൻസ് ശ്രീ.വിനോദ്കൃഷ്ണന് നൽകാനുണ്ടെന്നും ഈ തുക നൽകുമ്പോൾ അഡ്വാൻസ് തുക ബാക്കി 8000/- രൂപ തിരച്ചുപിടിക്കുമെന്നും മറുപടി നൽകിയിട്ടുണ്ട്. ഈ തുക തിരിച്ചുപിടിച്ച് വിശദവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 3-2 ജീവനക്കാരുടെ ഗ്രൂപ്പ് പേഴ്സനൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീം(GPAIS) – സബ്സ്ക്രിപ്ഷൻ ഒടുക്കിയിട്ടില്ല.

സർക്കാർ ഉത്തരവ് നം.526/2015 ഫിനാൻസ്, തിയ്യതി 19.11.2015 പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഗ്രൂപ്പ് പേഴ്സനൽ ആക്സിഡന്റ് ഇൻഷൂറൻസ് സ്കീം 1.1.2016 മുതൽ 31.12.2016 വരെ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചിട്ടുണ്ട്. ഉദുമ ഗ്രാമപഞ്ചായത്തിലെ 19ജീവനക്കാരുടെ നവമ്പർ 2015 മാസത്തെ ശമ്പളത്തിൽ നിന്നും GPAIS റിക്കവറി ഇനത്തിൽ 300/- രൂപ വീതം ആകെ 5700/- രൂപ റിക്കവറി നടത്തിയെങ്കിലും ഈ തുക ട്രഷറിയിൽ ബന്ധപ്പെട്ട ഹെഡിൽ ഡിസംബർ മാസം ഒടുക്കിയിട്ടില്ല. വൗച്ചർ നം.21500744/23.1.2016 പ്രകാരം ഈ തുക ജനുവരി മാസം ഒടുക്കാൻ പിൻവലിച്ചുവെങ്കിലും കൃത്യസമയത്ത് ഒടുക്കാത്തതിനാൽ ട്രഷറിയിൽ തുക സ്വീകരിച്ചിട്ടില്ല.തുക ഗ്രാമപഞ്ചായത്ത് ഫണ്ടിൽ തിരികെ ഒടുക്കി. ജീവനക്കാരുടെ ഗ്രൂപ്പ് പേഴ്സനൽ ആക്സിഡന്റ് ഇൻഷൂറൻസ് സ്കീം പ്രീമിയം കൃത്യമായി ഒടുക്കാത്തത് സെക്രട്ടറിയുടെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. ഓഡിറ്റ് എൻക്വയറി നം.02/26.9.2016 പ്രകാരം തുക ഒടുക്കാത്തതിന് വിശദീകരണവും, സെക്രട്ടറിയുടെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ ഈ വീഴ്ച പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ എന്നും ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. തുക ഒടുക്കാത്തതിന് വിശദീകരണം നൽകേണ്ടതും, സർക്കാർ നിർദ്ദേശം കൃത്യമായി പാലിക്കാത്ത വിവരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ രേഖാമൂലം അറിയിക്കേണ്ടതാണെന്നും ഓഡിറ്റിൽ നിർദ്ദേശിക്കുന്നു.

### 3-3 ജീവനക്കാരുടെ റിക്കവറികൾ കൃത്യമായി ഒടുക്കുന്നതിൽ വീഴ്ച.

ഉദുമ ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ വിവിധ മാസങ്ങളിലെ ശമ്പളത്തിൽ നിന്നും റിക്കവറി ഇനത്തിൽ പിടിക്കുന്ന തുക ചില മാസങ്ങളിൽ കൃത്യമായി ഒടുക്കുന്നില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ശമ്പളം -മാസം | റിക്കവറി ഒടുക്കിയ തിയ്യതി |
|---|---|---|

| | | |
|---|---|---|
| 1 | മാർച്ച് 2015 | 10.4.2015 |
| 2 | ഏപ്രിൽ 2015 | 11.5.2015 |
| 3 | സെപ്റ്റംബർ 2015 | 15.10.2015 |
| 4 | ഒക്ടോബർ 2015 | 19.11.2015 |
| 5 | ഡിസംബർ 2015 | 23.1.2016 |
| 6 | ഫെബ്രുവരി 2016 | 26.3.2016 |

മുഴുവൻ റിക്കവറികളും അതാത് മാസം 5-ാം തിയ്യതിക്കകം ഒടുക്കേണ്ടതാണ്. റിക്കവറി സംബന്ധമായ രജിസ്റ്റർ അപൂർണ്ണമാണ്. പെൻഷൻ കോൺട്രിബ്യൂഷൻ സംബന്ധിച്ച ബഹു.പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലർ നം.എഫ്.3/26572/03/17.11.2003 പ്രകാരം പറയുന്ന നിർദ്ദേശങ്ങളൊന്നും പാലിക്കുന്നില്ല.പെൻഷൻ കോൺട്രിബ്യൂഷൻ ചെലാൻ പ്രത്യേകം ഫയലിൽ സൂക്ഷിക്കുന്നില്ല, 2015-16 വർഷത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. റിക്കവറി കൃത്യമായി ഒടുക്കുന്നതിൽ വീഴ്ച വരുത്തിയതിന് ഓഡിറ്റ് എൻക്വയറി നം.03/26.9.2016 പ്രകാരം വിശദീകരണം ചോദിച്ചതിന് ഇനിമുതൽ അതാത് മാസം 5-ാം തിയ്യതിക്കകം ഒടുക്കുന്നതാണ് എന്നാണ് മറുപടി നൽകിയിരിക്കുന്നത്. റിക്കവറി സംബന്ധിച്ച് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്, പെൻഷൻ കോൺട്രിബ്യൂഷൻ രജിസ്റ്റർ, മറ്റ് റിക്കവറി സംബന്ധമായ രജിസ്റ്ററുകൾ എന്നിവ പൂർണ്ണമാക്കി ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-4 പത്ര പരസ്യത്തിന് അധികനിരക്ക് നൽകിയത് - അധികം നൽകിയ തുക നിരാകരിക്കുന്നു.

പ്രൊജക്ട് നം 31/15 പദ്ധതി രൂപീകരണ നിർവ്വഹണ ചെലവ്.

നിർവ്വഹണം-സെക്രട്ടറി

ജി.ഒ(ആർ.ടി)288/2014/പി&എ.ആർ.ഡി 10-9-14 പ്രകാരം സർക്കാർ സ്ഥാപനങ്ങൾക്ക് വിവിധ ദിനപത്രങ്ങളുടെ പരസ്യനിരക്ക് എഡിഷൻ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ച് പരസ്യങ്ങൾ പി&എ.ആർ.ഡി വകുപ്പ് മുഖേന നല്കിയാലും നേരിട്ടു നല്കിയാലും 15 % ഡിസ്കൗണ്ട് അനുവദിക്കണം. എന്നാൽ താഴെ കൊടുത്തിരിക്കുന്ന പത്ര പരസ്യങ്ങൾക്ക് ബിൽ തുക നല്കിയപ്പോൾ തുകയിൽ 15% കുറവ് ലഭിച്ചിട്ടില്ല.

| പത്രത്തിന്റെപേര് | ബിൽ നം/തിയ്യതി | നിരക്ക് | നീളംx വീതിx | നല്കിയ തുക | വൗച്ചർ നം./ ചെക്ക് നം./തീ. | നൽകേണ്ട തുക | അധികം നല്കിയത് |
|---|---|---|---|---|---|---|---|
| ദേശാഭിമാനി | KNR2015121924/2.12.2015 | 145 | 4x2 | 4640 ch.9496/29.12.15 | 21500702/ 29.12.15 | 3944 | 696 |
| ദേശാഭിമാനി | KNR2016018977/ 23.1.16 | 145 | 4x2 | 4640 ch.9839/19.3.16 | 21501018/ 19.3.16 | 3944 | 696 |
| | KNR2016020497/ 3.2.2016 | 145 | 5X2 | 5800 ch.9839/19.3.16 | 21501018/ 19.3.16 | 4930 | 870 |
| ആകെ | | | | 15080 | | 12818 | 2262 |

മേൽവിവരിച്ച പ്രകാരം ആകെ 2262/- രൂപ അധികം നൽകിയിട്ടുണ്ട്. പത്രപരസ്യങ്ങൾക്ക് ബിൽ തുക നല്കിയപ്പോൾ മേൽ ഉത്തരവുകൾ പ്രകാരമുള്ള 15% ഇളവ് ക്ലെയിം ചെയ്യാതെ ബിൽ തുക മുഴുവൻ നല്കിയതിന് ഓഡിറ്റ് എൻക്വയറി നം.04/26.9.2016 പ്രകാരം വിശദീകരണം ചോദിച്ചതിന് പത്രസ്ഥാപനത്തെ രേഖാമൂലം അറിയിച്ച് തുക തിരികെ ആവശ്യപ്പെടുമെന്നാണ് മറുപടി നൽകിയത്. അധികം നൽകിയ തുക തിരിച്ചുപിടിച്ച് വിശദവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 2015 വർഷത്തെ ഗ്രാമപഞ്ചായത്ത് തെരെഞ്ഞെടുപ്പ് - വിവിധ വാർഡുകളിൽ മത്സരിച്ച സ്ഥാനാർത്ഥികൾക്ക് ജാമ്യത്തുക തിരികെ നൽകിയത്- രശീത് ഹാജരാക്കിയിട്ടില്ല.

2015 ഗ്രാമപഞ്ചായത്ത് തെരെഞ്ഞെടുപ്പിൽ ഉദുമ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ മത്സരിച്ച സ്ഥാനാർത്ഥികൾക്ക് 1/6 ൽ കൂടുതൽ വോട്ടുകൾ നേടിയതിനാൽ ജാമ്യത്തുക വിവിധ വൗച്ചറുകൾ പ്രകാരം തിരികെ നൽകിയിട്ടുണ്ട്, ഇതിൽ താഴെപ്പറയുന്ന സ്ഥാനാർത്ഥികൾ ഈ തുകകൾ കൈപ്പറ്റിയതിന്റെ രശീത് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം./തിയ്യതി | സ്ഥാനാർത്ഥിയുടെ പേര് | വാർഡ് നം. | ജാമ്യത്തുക | ചെക്ക് നം. |
|---|---|---|---|---|---|
| 1 | 21501007/18.3.16 | മുഹമ്മദ് സാഹിദ് | 21 | 1000 | 9834/18.3.16 |
| 2 | 21501008/18.3.16 | ഗംഗാധരൻ.കെ.എ | 15 | 1000 | 9835/18.3.16 |
| 3 | 21501009/18.3.16 | അശോകൻ.പി | 15 | 1000 | 9836/18.3.16 |
| 4 | 21501010/18.3.16 | കമലാക്ഷി ബാലകൃഷ്ണൻ | 5 | 1000 | 9837/18.3.16 |
| 5 | 21501011/18.3.16 | എം.ശ്രീധരൻ നായർ | 8 | 1000 | 9838/18.3.16 |
| ആകെ | | | | 5000 | |

ഓഡിറ്റ് എൻക്വയറി നം.02/26.9.2016 പ്രകാരം രശീത് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടുവെങ്കിലും മറുപടി നൽകിയിട്ടില്ല, രശീത് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-6 2015-16 വർഷം വിവിധ യോഗങ്ങൾക്ക് റിഫ്രഷ്മെന്റ് ചാർജ്ജസ് ഇനത്തിൽ തുക ചെലവഴിച്ചത് - അപാകത.

ഗ്രാമപഞ്ചായത്തിൽ 2015-16 വർഷത്തിൽ വിവിധ യോഗങ്ങൾക്ക് റിഫ്രഷ് മെന്റ് ചാർജ്ജിനത്തിൽ വിവിധ വൗച്ചറുകൾ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് നമ്പർ 271/2004/തസ്വഭവ/14.9.2004 അനുസരിച്ച് അടിയന്തിരഘട്ടത്തിൽ ഒറ്റത്തവണ 5000/- രൂപയും പ്രതിമാസം ആകെ 10000/- രൂപയും ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് കണ്ടിൻജന്റ് ഇനത്തിൽ ചെലവഴിക്കാവുന്നതാണ്. യോഗങ്ങൾക്കല്ലാതെ ജീവനക്കാർക്കോ, ജനപ്രതിനിധികൾക്കോ വ്യക്തിപരമായി സർക്കാർ ചെലവിൽ ഭക്ഷണം നൽകുന്നതിന് നിലവിൽ സർക്കാർ ഉത്തരവുകൾ ഇല്ല. ഉദുമ ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷത്തിൽ ചില മാസങ്ങളിൽ ചെലവ് പരിധി കടന്നിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം./തിയ്യതി | തുക | ഏത് മാസത്തെ ചെലവ് |
|---|---|---|---|
| 1 | 21500102/02.5.2015 | 17,090/- രൂപ. | 2015 മാർച്ച് |
| 2 | 21500231/15.6.2015 | 10,771/- രൂപ. | 2015 മെയ് |
| 3 | 21500617/18.11.2015 | 16,299/- രൂപ. | 2015 ഒക്ടോബർ |

മേൽവിവരിച്ചതു പ്രകാരം 3 മാസങ്ങളിൽ റിഫ്രഷ് മെന്റ് ചാർജ്ജിനത്തിൽ തുക അധികം ചെലവഴിച്ചിട്ടുണ്ട്. റിഫ്രഷ് മെന്റ് ചാർജ്ജിനത്തിൽ ഓഡിറ്റ് വർഷം തുക ചെലവഴിച്ചതിന്റെ വൗച്ചറുകളും ബില്ലുകളും പരിശോധന നടത്തിയപ്പോൾ പല ബില്ലുകളും മൂന്നോ അതിൽ കുറവോ ആൾക്കാർ ഭക്ഷണം കഴിച്ചതിന്റെ ബില്ലുകളാണ്, ഇതൊന്നും ഒരു യോഗത്തിന്റെയും ഭാഗമല്ലെന്ന് പ്രഥമദൃഷ്ട്യാതന്നെ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം ഭരണസമിതിയുടെയും സെക്രട്ടറിയുടെയും പ്രത്യേകശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ ഇത്തരം കണ്ടിൻജന്റ് ചെലവുകൾ പരമാവധി കുറക്കേണ്ടതാണെന്നും ഓഡിറ്റിൽ നിർദ്ദേശിക്കുന്നു.

## 3-7 നിർവ്വഹണ ഉദ്യോസ്ഥൻ ഹെഡ് മാസ്റ്റർ - പദ്ധതി നടത്തിപ്പിൽ അപാകത.

2015-16 വർഷത്തിൽ ഹെഡ്മാസ്റ്റർ നിർവ്വഹണഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളിൽ പർച്ചേസ് നടത്തിയത് ഭരണസമിതി അംഗീകാരം ഇല്ലാതെയാണ്.വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

(a)സ്കൂളുകൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ പദ്ധതി.

പ്രോജക്ട് നം.25/16

ബിൽ നം.4/15-16/30.10.15 - 2,58,000/-

ചെക്ക് നം.009415/5.10.15 - 17,580/-(തനത് ഫണ്ട്)

ഈ പദ്ധതി പ്രകാരം സിഡ്കോ കാസറഗോഡിൽ നിന്നും നേരിട്ട് 18 വീതം അലമാരകൾ, മേശ, കസേര എന്നിവ വാങ്ങിച്ചിട്ടുണ്ട്. ഇൻവോയ്സ് നം.127/31.8.15,ഡി.ഡി നം.633952/6.1.2016 പ്രകാരം ആകെ 2,75,576/- രൂപ ഇവർക്ക് നൽകി.

(b)മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് (വിദ്യാർത്ഥികൾ)ഫർണ്ണിച്ചർ വാങ്ങൽ പദ്ധതി.

പ്രോജക്ട് നം.186/16

ബിൽ നം.1/15-16/16.10.15 - 2,00,000/-

ഈ പദ്ധതി പ്രകാരം സിഡ്കോ കാസറഗോഡിൽ നിന്നും നേരിട്ട് 50 വിദ്യാർത്ഥികൾക്ക് നൽകാൻ 50വീതം മേശ, കസേര എന്നിവ വാങ്ങിച്ചിട്ടുണ്ട്. ഇൻവോയ്സ് നം.102/12.10.15,ഡി.ഡി നം.633953/6.1.2016 പ്രകാരം ആകെ 2,00,000/- രൂപ ഇവർക്ക് നൽകി.

(c)സ്കൂളുകൾക്ക് ലാബ് ഉപകരണങ്ങൾ വാങ്ങൽ പദ്ധതി.

ചെക്ക് നം.9125/22.6.15 -2,00,000/- (തനത് ഫണ്ട്.)

പ്രോജക്ട് നം.186/16

ഈ പദ്ധതി പ്രകാരം പാം എഡ്യു സെന്റർ, കോഴിക്കോടിൽ നിന്നും ലാബ് ഉപകരണങ്ങൾ വാങ്ങിച്ചിട്ടുണ്ട്. ഇൻവോയ്സ് നം.388/26.3.15,ഡി.ഡി നം.633954/6.1.2016 പ്രകാരം ആകെ 2,00,000/- രൂപ ഇവർക്ക് നൽകി.

ക്രമ നം.(a),(b) എന്നിവ പ്രകാരം സിഡ്കോ കാസറഗോഡിൽ നിന്നും നേരിട്ട് സാധനങ്ങൾ വാങ്ങുകയാണ് ചെയ്തത്. സിഡ്കോ കാസറഗോഡിൽ നിന്നും നേരിട്ട് സാധനങ്ങൾ വാങ്ങാമെങ്കിലും ഭരണസമിതിയുടെ അംഗീകാരത്തോടെ മാത്രമെ വാങ്ങാൻ പാടുള്ളൂ, ഈ പർച്ചേസിന് ഭരണസമിതിയുടെ അംഗീകാരം വാങ്ങിയിട്ടില്ല,അതുപോലെ ക്രമ നം.(c) പ്രകാരം നടത്തിയ പർച്ചേസിനും ഭരണസമിതിയുടെ അംഗീകാരം വാങ്ങിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.05/26.9.2016 പ്രകാരം ഈ അപാകതകൾക്ക് വിശദീകരണം ചോദിച്ചതിന് ഇലക്ഷൻ സംബന്ധമായും വ്യക്തിപരമായ പ്രശ്നങ്ങൾ കൊണ്ടും അനുമതി വാങ്ങാൻ വിട്ടുപോയി എന്നാണ് മറുപടി നൽകിയത്. ഇത് ശരിയായ പ്രവണതയല്ല, ഇക്കാര്യം ഭരണസമിതിയുടെ

ശ്രദ്ധയിൽപ്പെടുത്തുന്നു. നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന മുഴുവൻ പർച്ചേസുകളും ഭരണസമിതി അംഗീകാരത്തിന് വിധേയമാണോ എന്ന് കൃത്യമായി പരിശോധിക്കേണ്ടതാണ്.

## 3-8 നിർവ്വഹണ ഉദ്യോസ്ഥൻ ഹെഡ് മാസ്റ്റർ-ബാങ്ക് അക്കൗണ്ടിൽ ബാലൻസ് തുക.

2015-16 വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോസ്ഥൻ ഹെഡ് മാസ്റ്ററുടെ ബാങ്ക് പാസ്സ്ബുക്ക് പരിശോധന നടത്തിയപ്പോൾ 30.4.2016 ന് 1,07,953/- രൂപ ബാങ്ക് അക്കൗണ്ടിൽ ബാലൻസ് ഉണ്ട്. വിവിധ വർഷങ്ങളിലെ പദ്ധതി ചെലവുകളുടെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചപ്പോൾ പലിശയിനത്തിൽ ലഭ്യമായതാണ് ഈ തുക. ഈ തുക നിലവിലെ ബാലൻസ് അടക്കം പിൻവലിച്ച് സഞ്ചിത നിധിയിലേക്ക് ഒടുക്കേണ്ടതാണ്.

## 3-9 അംഗൻവാടി കെട്ടിടനിർമ്മാണം - വയറിംഗ് നടത്തി വൈദ്യുതി ലഭ്യമാക്കിയിട്ടില്ല.

(a)അമരാവതി അംഗൻവാടി

ഓഡിറ്റ് വർഷത്തിൽ അമരാവതി അംഗൻവാടി കെട്ടിടനിർമ്മാണത്തിന് വികസനഫണ്ട്, ലോകബാങ്ക് സഹായം, തനത് ഫണ്ട് എന്നിവയുൾപ്പെടുത്തി 11 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം നേടി 10.10 ലക്ഷം രൂപ ചെലവഴിച്ച് അംഗൻവാടി കെട്ടിടം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ അംഗൻവാടി പ്രവർത്തിക്കുന്ന ആ കെട്ടിടത്തിന് വയറിംഗ് നടത്തി വൈദ്യുതി ലഭ്യമാക്കിയിട്ടില്ല. കൂടാതെ കുടിവെള്ളത്തിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടില്ല.

(b)കുറുക്കൻമാടി അംഗൻവാടി

നബാർഡിന്റെ (RIDF) ഫണ്ട് ഉപയോഗിച്ച് കുറുക്കൻമാടി അംഗൻവാടിക്ക് 10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം നേടി 8.27 ലക്ഷം രൂപ ചെലവഴിച്ച് കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഈ കെട്ടിടത്തിനും വയറിംഗ് നടത്തി വൈദ്യുതി ലഭ്യമാക്കിയിട്ടില്ല. കൂടാതെ കുടിവെള്ളത്തിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടില്ല.

മേൽപറഞ്ഞ രണ്ട് അംഗൻവാടികളിലും വൈദ്യുതി, കുടിവെള്ളം എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകിരക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേകശ്രദ്ധ ക്ഷണിക്കുന്നു.

## 3-10 നിർമ്മാണ തൊഴിലാളി ക്ഷേമനിധി അടച്ചത് - കൈപ്പറ്റ് രശീതികൾ ലഭിച്ചിട്ടില്ല

2015-16 വർഷത്തിൽ നിർവ്വഹണം നടത്തിയ മരാമത്തു പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും കുറവ് ചെയ്ത നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ അടച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ കൈപ്പറ്റ് രശീതികൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.6/27.09.2016) കൈപ്പറ്റ് രശീതുകൾ മേൽ സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് ആയത് ലഭ്യമാക്കുന്ന മുറക്ക് പരിശോധനക്ക് ഹജരാക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. കൈപ്പറ്റ് രശീതുകൾ ഹാജരാക്കാത്തതിനാൽ അടവാക്കിയ 245997/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക അടച്ചതിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഡി.ഡി.നം.&തീയതി | തുക |
|---|---|---|
| 1 | 633912/22.12.2015 | 12051 |
| 2 | 634004/12.02.2016 | 16830 |

| | | |
|---|---|---|
| 3 | 634092/21.06.2016 | 36847 |
| 4 | 634122/24.03.2016 | 513 |
| 5 | 634110/28.03.2016 | 32401 |
| 6 | 634189/07.04.2016 | 97051 |
| 7 | 634034/20.02.2016 | 50304 |
| | ആകെ | 245997 |

മേൽ സ്ഥാപനത്തിൽ നിന്നും കൈപ്പറ്റ് രശീതികൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-11 ഡെപ്പോസിറ്റ് പ്രവൃത്തികൾ - കുടിവെള്ള പദ്ധതികൾക്ക് കേരള വാട്ടർ അതോറിറ്റിയിൽ അടച്ചത്

ഗ്രാമ പഞ്ചായത്ത് ഓഡിറ്റ് വർഷം വിവിധ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയിൽ 38.80 ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്യുകയുണ്ടായി. പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം.7/27.09.2016 പ്രകാരം ആവശ്യപ്പെട്ടതിന് കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കിയ മറുപടി പത്രികയിലെ നിലവിലെ സ്ഥിതി എന്ന കോളത്തിൽ ചേർത്തിട്ടുണ്ട് . ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | തുക | ഡി.ഡി. നം./തീയതി | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1 | So.62/16 | കൊക്കാൽ, കോതാറമ്പത്ത്പരിയാരം കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 2,00,000 | ഡി.ഡി.നം. 633918 /22.12.15 | ബില്ല് പരിശോധിച്ച് വരുകയാണ് |
| 2 | So.63/16 | മാങ്ങാട്, പാറക്കടവ് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 15,00,000 | | പ്രവൃത്തി നടന്നുവരികയാണ് |
| 3 | So.100/16 | കരിമോടി അംഗൻവാടി BRDC പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2,00,000 | | ബില്ല് പരിശോധിച്ച് വരുകയാണ് |
| 4 | So.78/16 | ഞെക്ലി എസ്.സി. കോളനി കുടിവെള്ള പദ്ധതി (18.90 ലക്ഷം രൂപ 2011-12 വർഷത്തിൽ അടച്ചതാണ്. വകയിരുത്തിയ തുക കുറവായതിനാൽ പ്രസ്തുത തുക നടപ്പിലാക്കിയിരുന്നില്ല. 2015-16 വർഷത്തിൽ | 18,90,000 | ഡി.ഡി.നം. 634077/18.3.16 13,00,000/- | പ്രവൃത്തി നടന്നുവരികയാണ് |

| | | | | | |
|---|---|---|---|---|---|
| | | എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് 18.90 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ബാക്കി തുക 13.10 ലക്ഷം 2015-16 വർഷം ഡെപ്പോസിറ്റ് ചെയ്തു) | | | |
| 5 | S.192/16 | ആറാട്ട്കടവ് മൃഗസംരക്ഷണ കേന്ദ്രത്തിലേക്ക് BRDC പൈപ്പ് ലൈൻ നീട്ടൽ | 90,000/- | ഡി.ഡി. നം. 634106/22.3.16 | ടെണ്ടർ നടപടികൾ ആരംഭിച്ചു |
| | | ആകെ | 38,80,000 | | |

മേൽ പദ്ധതികളിൽ ക്രമ നം. 1,2,3 എന്നിവയുടെ കരാർ ഉടമ്പടി പ്രകാരം പ്രവൃത്തികൾ 20.02.2016-ാം തീയതി ആരംഭിച്ച് 30.05.2016-ാം തീയതി പൂർത്തിയാക്കേണ്ടതായിരുന്നു.(കരാർ ഉടമ്പടി നം. സി.3/2261 /തീ.30.12.15 ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും, KWA എക്സിക്യൂട്ടീവ് എഞ്ചിനീയരും). ക്രമ നം.4 ഞെക്ലി പട്ടികജാതി കോളനിയുടെ കുടിവെള്ള പദ്ധതിയുടെ കരാർ ഉടമ്പടി പ്രകാരം പ്രവൃത്തി 01.08.2016 ന് ആരംഭിച്ച് 31.12.2016-ാം തീയതി പൂർത്തിയാക്കണം. (കരാർ ഉടമ്പടി നം.സി3/2261 തീ.22.07.2016). ഈ പദ്ധതിയുടെ തുക 18.03.2016നാണ് നൽകിയിരിക്കുന്നത്. എന്നാൽ കരാർ ഉടമ്പടി വെച്ചത് 22.07.2016 നാണ്. ക്രമ നം. 5 ആറാട്ട് കടവ് മൃഗ സംരക്ഷണ ഉപകേന്ദ്രത്തിലേക്ക് BRDC പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തിക്ക് 22.3.16 ന് 90,000/- രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെയായിട്ടും കരാർ ഉടമ്പടി വെച്ചിട്ടില്ല.

കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും അടിയന്തിരമായ ഇടപെടലുകൾ നടത്തണമെന്ന് ഓഡിറ്റിൽ നിർദ്ദേശിക്കുന്നു.

## 3-12 പാലക്കുന്ന് ജംഗ്ഷൻ മത്സ്യ മാർക്കറ്റ് നിർമ്മാണം - സ്ഥലം പഞ്ചായത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്ത് ലഭിച്ചിട്ടില്ല

2005-06 വർഷത്തെ കേരള വികസന പദ്ധതിയിൽപ്പെടുത്തി ഗ്രാമ പഞ്ചായത്തിലെ പാലക്കുന്ന് എന്ന സ്ഥലത്ത് ശ്രീ. അഹമ്മദ് ഹസ്സൻ ഷാ പടിഞ്ഞാർ മാളിക, കോട്ടിക്കുളം എന്ന ആളുടെ ഉടമസ്ഥതിയിലുള്ള ഉദുമ വില്ലേജിൽ റി.സ.154/1-ൽപ്പെട്ട 20 സെന്റ് സ്ഥലം മത്സ്യ മാർക്കറ്റ് നിർമ്മിക്കുന്നതിനായി ലാന്റ് അക്വിസിഷൻ നിയമപ്രകാരം അടിയന്തിര ക്ലോസിൽപ്പെടുത്തി (Urgency clause) അക്വയർ ചെയ്യുന്നതിനും മുൻകൂർ കൈവശം നൽകുന്നതിനുമുള്ള അനുവാദവും 13.05.2002 ലെ സർക്കാരിന്റെ ജി.ഒ(ആർ.ടി) 1190/2002/തസ്വഭവ ഉത്തരവാ പ്രകാരം അനുമതി ലഭിക്കുകയുണ്ടായി. എന്നാൽ ലാന്റ് റവന്യൂ കമ്മീഷണറുടെ എൽ.ആർ.(സി)39235/02/കെ.ഡി.ഐസ് കത്ത് പ്രകാരം കേരള ലാന്റ് അക്വിസിഷൻ ആക്ട് 17(4) അനുസരിച്ച് അടിയന്തിര ഘട്ട പ്രകാരം ഭൂമി പൊന്നും വിലക്കെടുക്കേണ്ട സാഹചര്യം കാണുന്നില്ലെന്ന കാരണത്താൽ ലാന്റ് റവന്യൂ കമ്മീഷണർ പ്രൊപ്പോസൽ നിരസിച്ചു.

ലാന്റ് അക്വിസിഷൻ നടപടിക്രമം ഉപയോഗപ്പെടുത്തി സ്ഥലം അക്വയർ ചെയ്യുകയാണെങ്കിൽ പദ്ധതി നടപ്പിൽവരുത്തുന്നതിന് കൂടുതൽ കാലതാമസം നേരിടുമെന്നുള്ളതുകൊണ്ട് പദ്ധതി നിർവ്വഹണം വൈകുമെന്നുള്ളതിനാലും ഉദുമ വില്ലേജിലെ റി.സ. 154/1-ൽപ്പെട്ട 10 സെന്റ് സ്ഥലം നേരിട്ട് വാങ്ങാൻ പഞ്ചായത്ത് തീരുമാനിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 06.02.2006 ന് സ്ഥലമുടമയായ ശ്രീ. അഹമ്മദ് ഹസ്സൻ ഷായുമായി ഉടമ്പടിയിലേർപ്പെടുകയും ടിയാന്റെ സമ്മതത്തോടെ മത്സ്യ മാർക്കറ്റ് കെട്ടിടം പണിയുകയും, വൈദ്യുതി കുടിവെള്ളം തുടങ്ങി സൗകര്യങ്ങൾ ചെയ്യുകയും ചെയ്തിട്ടുണ്ട്.

സ്ഥലത്തിന്റെ വാല്യുവേഷൻ സർട്ടിഫിക്കറ്റിനുവേണ്ടി റവന്യൂ അധികാരികൾക്ക് 22.03.2006 ന് അപേക്ഷ നൽകിയിരുന്നുവെങ്കിലും ഹോസ്ദുർഗ്ഗ് തഹസിൽദാരിൽ നിന്നും 23.09.2013 നാണ് പ്രസ്തുത സ്ഥലത്തിന്റെ വാലുേഷൻ ലഭിച്ചത് (ലാന്റ് വാല്യൂ സർട്ടിഫിക്കറ്റ് നം.KDIS/14087/13/C4 തീ.23.09.2013). ഹോസ്ദുർഗ്ഗ് തഹസിൽദാർ സ്ഥലത്തിന്റെ വാല്യൂ 3,75,000/per acre ആയി നിശ്ചയിച്ചു നൽകി. തദ്ദേശ സ്വയംഭരണ (സി) വകുപ്പിന്റെ 21.06.2006 ലെ 18694/സി1

/06/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തുകൾ ഭൂമി വാങ്ങുമ്പോൾ ജില്ലാ കളക്ടറുടെ വാലേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമായും വാങ്ങിയിരിക്കണമെന്നുള്ളതിനാൽ ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിക്കുകയും തഹസിൽദാർ നൽകിയ ലാന്റ് വാല്യു സർട്ടിഫിക്കറ്റ് 04.06.2015 ന് ജില്ലാ കളക്ടർ മേലൊപ്പിട്ട് (കൗണ്ടർ സൈൻഡ്) പഞ്ചായത്തിന് നൽകുകയുണ്ടായി.

സ്ഥലത്തിന്റെ വാലേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥലം രജിസ്റ്റർ ചെയ്യുന്നതിന് സ്ഥലമുടമയ്ക്ക് 18.06.2015 ന് കത്തെഴുതുകയുണ്ടായി (A3-4500/12 തീ.18.06.2015) ആയതിന് മറുപടിയായി 08.07.2015 ന് അഡ്വ. ശ്രീ. മോഹൻ പ്രകാശ് മുഖാന്തിരം 9 വർഷത്തെ നഷ്ട പരിഹാര തുകയും സ്ഥലം ഏറ്റെടുക്കുന്നതിന് ലാന്റ് അക്വിസിഷൻ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി വക്കീൽ നോട്ടീസ് അയച്ചു. 25.07.2015 ലെ പഞ്ചായത്ത് ഭരണ സമിതിയോഗത്തിൽ ഈ വിഷയം ചർച്ച ചെയ്യുകയും വക്കീൽ നോട്ടീസിന് നിയമ വിദഗ്ധർ മുഖേന മറുപടി നൽകണമെന്ന് സെക്രട്ടറി യോഗത്തിൽ അറിയിച്ചു. പ്രശ്ന പരിഹാരം ദീർഘിപ്പിക്കുന്നതിനാൽ വിഷയം കൂടിയാലോചന വഴി പരിഹരിക്കുന്നതാണ് ഉത്തമമെന്ന് യോഗത്തിൽ അഭിപ്രായപ്പെട്ടു. ആയതിന്റെയടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രസിഡന്റ് വൈസ് പ്രസിഡന്റ്, വാർഡ് മെമ്പർ, പഞ്ചായത്ത് സെക്രട്ടറി എന്നിവരെ ശ്രീ. ഹസ്സൻ ഷായുമായി കൂടിയാലോചന നടത്തുന്നതിന് നിയോഗിച്ച തീരുമാനിച്ചു. (പഞ്ചായത്ത് തീരുമാനം നം.122/15/25.07.2015).

31.08.2015 ന് ചേർന്ന പഞ്ചായത്ത് ഭരണ സമിതി യോഗത്തിൽ അഡ്വ.മോഹൻ പ്രകാശ് മുഖേന സ്ഥലയുടമ നൽകിയ വക്കീൽ നോട്ടീസ് ചർച്ച ചെയ്യുകയുണ്ടായി. മത്സ്യ മാർക്കറ്റ് സ്ഥലം സംബന്ധിച്ച് നിയമപരമായ ഉപദേശങ്ങൾ ലഭ്യമാക്കിയതിനുശേഷം അനന്തര നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളുവെന്ന് യോഗം വിലയിരുത്തുകയും സ്ഥലത്തിന്റെ ഫയലുകളും രേഖകളും സഹിതം നിയമോപദേശം തേടുവാൻ ശ്രീ.കെ.രാജീവൻ വക്കീൽ (കാഞ്ഞങ്ങാട്) ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും (പഞ്ചായത്ത് തീരുമാനം നം.159/15/31.8.15)യാതൊരു നടപടിയും നാളിതുവരെ പഞ്ചായത്ത് അധികൃതർ സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ആവശ്യപ്പെട്ടതിന് സ്ഥലയുടമ ലാന്റ് വാല്യൂ പ്രകാരമുള്ള വില സ്വീകരിക്കുവാൻ തയ്യാറാകുന്നില്ലായെന്നും, നഷ്ട പരിഹാര തുക വർദ്ധിപ്പിച്ച് നൽകണമെന്നും പലിശയുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് സ്ഥലയുടമ വക്കീൽ മുഖാന്തിരം നോട്ടീസ് അയച്ചിരിക്കുകയാണെന്നും സ്ഥലം പഞ്ചായത്തിന് രജിസ്റ്റർ ചെയ്തു കിട്ടാനുള്ള അനുരഞ്ജന ചർച്ചകൾ നടന്നുവരുന്നതായും റിപ്പോർട്ട് നൽകിയിട്ടുണ്ട് (സെക്രട്ടറിയുടെ 14.06.2016 ലവെ എ3/4500/12 നമ്പർ കത്ത്) സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ലഭിക്കാൻ വേണ്ട അടിയന്തിര നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കണമെന്ന് ഓഡിറ്റിൽ നിർദ്ദേശിക്കുന്നു.

## 3-13 ടെണ്ടർ ഫോറം വില പഞ്ചായത്ത് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല

ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ഇ-ടെണ്ടർ ഫോറം വില എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എസ്.ബി.ടി. അക്കൗണ്ടിലേക്കാണ് ക്രഡിറ്റ് ചെയ്യുന്നത്. ഈ ഗ്രാമ പഞ്ചായത്തിൽ നിന്നും 2014-15വർഷത്തിലും 2015-16 വർഷത്തിലും നടന്ന ഇ – ടെണ്ടർ നടപടികളുടെ ടെണ്ടർ ഫോറം വിലയായ 1,71,600/- രൂപ പഞ്ചായത്തിന് ലഭിക്കാനുണ്ട്. ആയതിന്റെ വിശദീകരണം ചുവടെ കൊടുക്കുന്നു.

2014-15

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ടെണ്ടർ ഫോറം വില + വാറ്റ് | പങ്കെടുത്ത കരാറുകാരുടെ എണ്ണം | ലഭിക്കേണ്ട തുക |
|---|---|---|---|---|
| 1 | കണ്ണംകുളം ആറാട്ട് കടവ് ടാറിംഗും കൾവർട്ട് നിർമ്മാണവും | 1575 | 2 | 3150 |
| 2 | മുതിയക്കാൽ കരിപ്പോടി അമ്പലം കണ്ണം റോഡ് ടാറിംഗും റീ ടാറിംഗും | 1600 | 2 | 3200 |
| 3 | പള്ളം മുൻഷി പാക്യാര റോഡ് ടാറിംഗ് | 1575 | 2 | 3150 |

| | | | | |
|---|---|---|---|---|
| 4 | മൊട്ടമ്മൽ വെടിക്കുന്ന് റോഡ് ടാറിംഗ് | 1600 | 2 | 3200 |
| 5 | കോട്ടിക്കുളം ലുലു സെന്റർ റെയിൽവേ ലൈൻ റോഡ് ടാറിംഗ് | 1400 | 4 | 5600 |
| | | ആകെ | | 18300 |

2015-16

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ടെണ്ടർ ഫോറം വില + വാറ്റ് | പങ്കെടുത്ത കരാറുകാരുടെ എണ്ണം | ലഭിക്കേണ്ട തുക |
|---|---|---|---|---|
| 1 | അമരാവതി അങ്കണവാടി കെട്ടിട നിർമ്മാണം | 5250 | 4 | 21000 |
| 2 | കടമ്പൻചാൽ കുതിരക്കോട് റോഡ് ടാറിംഗും റീടാറിംഗും | 1365 | 1 | 1365 |
| 3 | ഞെക്ലി രാമൻ കുണ്ട് നെല്ലിയടുക്കം റോഡ് സോളിംഗും കൾവർട്ടും | 5250 | 5 | 26250 |
| 4 | നാലാം വാതുക്കൽ എരോൽ ജുമാമസ്ജിദ് റോഡ് ടാറിംഗ് | 5250 | 3 | 15750 |
| 5 | തെക്കേക്കര പാറപ്പുറം മോലോത്തുവളപ്പ് റോഡ് റീടാറിംഗ് & സോളിംഗ് | 1050 | 1 | 1050 |
| 6 | അരമങ്ങാനം കുളിക്കുന്ന് അംഗൻവാടി റോഡ് റീടാറിംഗ് | 1470 | 4 | 5880 |
| 7 | തൊട്ടി പൂക്കുന്നോത്ത് ശാസ്താ റോഡ് ടാറിംഗ് | 1260 | 2 | 2520 |
| 8 | മേൽബാര കിഴക്കേക്കര തൊട്ടി രക്തേശ്വരി ക്ഷേത്രം റോഡ് ടാറിംഗ് | 1155 | 2 | 2310 |
| 9 | അംബാ പുരം ബാര അമ്പലം | 1470 | 4 | 5880 |

| | | | | |
|---|---|---|---|---|
| | റോഡ് ടാറിംഗ് | | | |
| 10 | ഞെക്ലി കോട്ടക്കുന്ന് റോഡ് ടാറിംഗ് | 1155 | 4 | 4620 |
| 11 | കരിപ്പോടി അങ്കണവാടി കണ്ണംകുളം വയൽ റോഡ് ടാറിംഗ് | 1470 | 4 | 5880 |
| 12 | കണിയമ്പാടി പക്യാര റോഡ് ടാറിംഗ് | 1155 | 3 | 3465 |
| 13 | മതിയാക്കൽ ആയുർവേദ ആശുപത്രി ചിറക്കാൽ വയൽ റോഡ് ടാറിംഗ് | 1155 | 2 | 2310 |
| 14 | മാങ്ങാട് സബ് സെന്റർ നിർമ്മാണം | 5250 | 6 | 31500 |
| 15 | ഒതോത്ത് വയൽ ജുമാ മസ്ജിദ് റോഡ് സോളിംഗ് & കൾവർട്ട് നിർമ്മാണവും | 1155 | 2 | 2310 |
| 16 | കോട്ടക്കുന്ന് ബേവൂരി റോഡ് ടാറിംഗ് | 1155 | 1 | 1155 |
| 17 | ജി.എച്ച്.എസ്.എസ്. ഉദുമ മുക്കുന്നോത്ത് റോഡ് ടാറിംഗ് | 1575 | 2 | 3150 |
| 18 | കാപ്പുങ്കയം കുട്ട്യങ്ങാനം റോഡ് ടാറിംഗ് & റീടാറിംഗ് | 1785 | 1 | 1785 |
| 19 | കണ്ണംകുളം ഏരോൽ കുന്നുമ്മേൽ റോഡ് റീ ടാറിംഗ് & ടാറിംഗ് | 1365 | 6 | 8190 |
| 20 | കൊപ്പൽ കടപ്പുറം റോഡ് റീ ടാറിംഗ് | 1155 | 4 | 4620 |
| 21 | ബാര വില്ലേജ് ഓഫീസ് - അംബാപുരം റോഡ് സോളിംഗ് | 1155 | 2 | 2310 |

## 3-14 പ്രൊക്യൂർമെന്റ് കമ്മിറ്റി പ്രവർത്തിക്കുന്നില്ല.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെയും ഉപയോഗത്തിനു വേണ്ടി സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോഴും, പ്രവർത്തികൾ നിർവ്വഹിക്കുമ്പോഴും പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ 8.11.2010 ലെ ജി.ഒ(പി)259/2010 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വാങ്ങൽ നടപടികളിൽ സുതാര്യത നിലനിർത്തുകയും ജനപങ്കാളിത്തം ഉറപ്പാക്കുകയുമാണ് ഈ മാർഗ്ഗനിർദ്ദേശങ്ങളുടെ ലക്ഷ്യം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രൊക്യൂർമെന്റ് കമ്മിറ്റിയും, സെക്രട്ടറി/നിർവ്വഹണ ഉദ്യോഗസ്ഥൻ നേതൃത്വം നൽകുന്ന ഒരു വാങ്ങൽ ടീമും രൂപീകരിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മേൽനോട്ടത്തിലും മാർഗ്ഗനിർദ്ദേശങ്ങളിലും ആണ് വാങ്ങൽ ടീം പ്രവർത്തിക്കേണ്ടത്.

ഉദുമ ഗ്രാമപഞ്ചായത്തിൽ 2015-16 വർഷത്തിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പർച്ചേസുമായി ബന്ധപ്പെട്ട് വിവിധ വാങ്ങലുകളുടെ മോണിറ്ററിംഗിനായി പ്രൊക്യൂർമെന്റ് കമ്മിറ്റി യോഗം 25.7.2015 ന് ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ വാങ്ങലുകളുമായി ബന്ധപ്പെട്ട് പദ്ധതികളെക്കുറിച്ച് വൈസ് പ്രസിഡന്റ് വിശദീകരിക്കുകയും പദ്ധതികളുടെ വിശദവിവരങ്ങൾ പ്രൊക്യൂർമെന്റ് മിനിട്സ് ബുക്കിൽ എഴുതി ചേർക്കുകയും ചെയ്തു. എന്നാൽ 25.7.2015 ന് ശേഷം പ്രൊക്യൂർമെന്റ് കമ്മിറ്റി ചേരുകയോ തൻവർഷം ഗ്രാമപഞ്ചായത്ത് നടത്തിയ വാങ്ങലുകളുമായി ബന്ധപ്പെട്ട് നടപടിക്രമം, ടെണ്ടറുകൾ/ക്വട്ടേഷനുകൾ തുടങ്ങിയ കാര്യങ്ങളൊന്നും തന്നെ മിനിട്സിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

ഓഡിറ്റ് വർഷം നടത്തിയ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണ്ണിച്ചർ വാങ്ങൽ, പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ പദ്ധതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ പദ്ധതി, സ്കൂളുകൾക്ക് പഠനോപകരണങ്ങൾ, കമ്പ്യൂട്ടർ വാങ്ങൽ തുടങ്ങിയ പദ്ധതികൾക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതി മാത്രം ടെണ്ടറുകൾ അംഗീകരിച്ചാണ് വാങ്ങലുകൾ നടത്തിയിരിക്കുന്നത്. പുതിയ ഭരണസമിതി അധികാരത്തിൽ വന്നതിന് ശേഷം പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വാങ്ങൽ നടപടികൾ സുതാര്യമാക്കുന്നതിന് പ്രൊക്യൂർമെന്റ് കമ്മിറ്റി, വാങ്ങൽ ടീം എന്നിവ രൂപീകരിക്കുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റിൽ നിർദ്ദേശിക്കുന്നു.

## 3-15 പഞ്ചായത്ത് ഓഫീസ് സോളാർ വൽക്കരണം.

വികസന ഫണ്ട് ജനറൽ 18.57 ലക്ഷം രൂപയും, തനത് ഫണ്ട് 0.91 ലക്ഷം രൂപയും വകയിരുത്തി ആകെ 19.48 രൂപ ചെലവഴിച്ച് പഞ്ചായത്ത് ഓഫീസ് സോളാർ വൽക്കരിച്ചിട്ടുണ്ട്.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള അംഗീകൃത സ്ഥാപനമായ കെൽട്രോൺ എന്ന സ്ഥാപനത്തെ ത.സ്വ.ഭ.വകുപ്പിന്റെ 3-6-2014 ലെ 1384 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുണ്ട്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 15 KWP സോളാർ പവർ പ്ലാന്റ്, ഇൻവർട്ടർ എന്നിവ സ്ഥാപിച്ചതിന് 19,48,400/- രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്. ( ഡി.ഡി.നമ്പർ 634069 / 16-03-2016 ) ആയതിന്റെ വില കണക്കാക്കിയത് താഴെപറയുംപ്രകാരമാണ്.

| | |
|---|---|
| 15 kwp solar power plant with Battery including inverter | 22,50,000/- |
| KVAT | 22,500/ |
| | 22,72,500/- |
| prevailing subsidy MNRE is @ 37 ₹ / watt | 5,55,000/- |
| | 17,17,500/- |
| Installation and stuctural cost | 2,05,500/- |

| | |
|---|---|
| service Tax 12.36 % | 25,400/- |
| Total | 19,48,400/- |

സോളാർ പ്ലാന്റിന്റെ pannel Battery, Inverter മറ്റു സാമഗ്രികൾ എന്നിവയ്ക്ക് 5 വർഷത്തെ ഗ്യാരന്റിയും , 10 വർഷംവരെ 90 % പെർഫോമൻസ് വാറന്റിയും പിന്നീട് 25 വർഷം വരെ 80 % പെർഫോമൻസ് വാറന്റിയും നൽകിയിട്ടുണ്ട്.പദ്ധതിയുടെ നിർവ്വഹണം സ്പെസിഫിക്കേഷൻ പ്രകാരം പൂർത്തീകരിച്ചത് സംബന്ധിച്ച് പരിശോധനയ്ക്ക് ആവശ്യമായ സർട്ടിഫിക്കറ്റ് അനുവദിച്ച് തരുവാൻ ഇലക്ട്രിക്കൽ ഇൻസ്പെക്ടേറ്റ് കാസർഗോഡ് എന്ന സ്ഥാപനത്തോട് പഞ്ചായത്ത് സെക്രട്ടറി 16-09-2015 ലെ A3-333/2015 കത്ത് പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ആയത് പരിശോധിച്ച് സർട്ടിഫിക്കറ്റ് നാളിതുവരെ പഞ്ചായത്തിന് നൽകിയിട്ടില്ല.അതുപോലെ പ്ലാന്റിൽ നിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ അളവും, പ്ലാന്റിന്റെ ഉത്പാദനശേഷിയും പരിശോധിച്ച് സാക്ഷ്യപ്പെടുത്തുവാൻ പഞ്ചായത്ത് 5-4-2016 ലെ A3- 333/15 നമ്പർ കത്ത് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ KSEB ഉദുമ സെക്ഷൻ എന്നിവരോട് ആവശ്യപ്പെട്ടുവെങ്കിലും നാളിതുവരെ പരിശോധന നടത്തി സർട്ടിഫിക്കറ്റ് പഞ്ചായത്തിന് നൽകിയിട്ടില്ല.
സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിന് മുമ്പ് പഞ്ചായത്ത് ഓഫീസിന്റെ 2 മാസത്തെ ശരാശരി വൈദ്യുതി ചാർജ്ജ് 9,000/-നും 10,000/- നുമിടയിലായിരുന്നു. ആയത് പ്ലാന്റ് പ്രവർത്തന സജ്ജമാക്കിയതിനുശേഷം രണ്ട് മാസത്തെ ശരാശരി വൈദ്യുതി ചാർജ്ജ് 2.000/- നും 3,000/- നും ഇടയിലാണ് വരുന്നത്. നിലവിൽ പഞ്ചായത്ത് ഓഫീസ് മുഴുവനും സോളാർ പ്ലാന്റിൽ നിന്നുള്ള വൈദ്യുതി കൊണ്ടാണ് പ്രവർത്തിക്കുന്നത്.

കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ ഇൻസ്പക്ടേറ്റ് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും പ്ലാന്റിന്റെ നിർമ്മാണം, പ്രവർത്തനം സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ അടിയന്തിരമായി ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 ആശ്രയ പദ്ധതി.

2014-15 മുതൽ 2016-17 വരെ 3 വർഷം അഗതി പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിന് 6 പേർക്ക് വീട് റിപ്പയറിംഗിന് 25,000/-രൂപ വീതം നൽകുന്നതിനും, ഒരാൾക്ക് സ്ഥലവും വീടും വാങ്ങുന്നതിന് 4 ലക്ഷം രൂപയും ഒരു ഗുണഭോക്താവിന് വീട് നിർമ്മിക്കുന്നതിന് 2.50.ലക്ഷം രൂപയും ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങുകയുണ്ടായി.ഇതിൽ രണ്ട് ഗുണഭോക്താക്കളുടെ വീട് പ്രവൃത്തിക്ക് ( 2 x 2,50,000) 5 ലക്ഷം രൂപയും രണ്ട് ഗുണഭോക്താക്കളുടെ വീട് റിപ്പയറിംഗിന് ( 2 x 25,000 ) 50,000/- രൂപയും അസിസ്റ്റന്റ് സെക്രട്ടറി ട്രഷറിയിൽ നിന്നും പിൻവലിച്ച് സി.ഡി.എസിന്റെ പേരിലുള്ള ഉദുമ വനിത സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ അക്കൗണ്ട് നമ്പർ 1484 -ൽ മാറ്റിയിട്ടുണ്ട്.തുക അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

07-04-2016 – 2,50,000/-

20-05-2016 – 3,00,000/-

ആകെ - 5,50,000/-

ഈ തുകയിൽ നിന്നും നാളിതുവരെ ചിരുത എന്ന ഗുണഭോക്താവിന് വീട് റിപ്പയർ ചെയ്തതിന് എഞ്ചിനീയറുടെ മൂല്യ നിർണ്ണയ സാക്ഷ്യപത്രം പ്രകാരം 25,000/- രൂപ നൽകിയിട്ടുണ്ട്.( ചെക്ക് നമ്പർ 23193 / 15-04-2016 ) ബാക്കി 5,25,000/- രൂപ നാളിതുവരെയും ചെലവഴിക്കാതെ സി.ഡി.എസിന്റെ അക്കൗണ്ടിൽ നീക്കിയിരിപ്പായിട്ടുണ്ട്.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 12/28-0902016)ഭവന നിർമ്മാണം ഗുണഭോക്തൃ സമിതി രൂപീകരിച്ച് ചെയ്യുന്നതിന് വിലയിരുത്തൽ സമിതി തീരുമാനിച്ചിട്ടുണ്ടെന്നും ആയതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും കൂടാതെ പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനു നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.അല്ലാത്ത പക്ഷം തുക സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-17 കവുങ്ങ് കൃഷി വികസനം, തെങ്ങ് കൃഷി വികസനം പദ്ധതി നടത്തിപ്പിലെ അപാകതകൾ.

കാർഷിക മേഖലയിൽ കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ പല അപാകതകളും കാണുകയുണ്ടായി. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

1. കവുങ്ങ് കൃഷി വികസനം

പ്രൊജക്ട് നം. S0020/16 – കവുങ്ങ് കൃഷി വികസനം

ബിൽ നം.01/15-16 – തുക 1,41,066/- രൂപ തീ. 30.1.2016 (വികസന ഫണ്ട്)

ബിൽ നം.08/15-16 – തുക 90,684/- രൂപ തീ.23.3.2016 (വികസന ഫണ്ട്)

വികസന ഫണ്ടിനത്തിൽ 2,31,750/- രൂപയും ഗുണഭോക്തൃ വിഹിതമിനത്തിൽ 85,410/-(സ്വയം വഹിക്കുന്നത്) രൂപയുമടക്കം 3,17,160/- രൂപയാണ് ഈ പ്രവൃത്തിയുടെ അടങ്കൽ. ഈ പ്രവൃത്തിക്കു വേണ്ടി തുരിശ് വാങ്ങിയ വകയിൽ 12240 രൂപയും ജൈവ വളത്തിന് 2,19,510/- രൂപയും അടക്കം ആകെ 2,31,750/- രൂപയാണ് ഈ പദ്ധതിയുടെ വികസന ഫണ്ടിൽ നിന്നുള്ള ചെലവ്. ജൈവ വള സബ്സിഡി വിതരണം ചെയ്യുന്നതിനു വേണ്ടി 2,19,510/- രൂപ ചെലവഴിച്ചിട്ടുണ്ട്.

2.തെങ്ങ് കൃഷി വികസനം

പ്രൊജക്ട് നം. S0013/16– തെങ്ങ് കൃഷി വികസനം

ബിൽ നം. 02/15-16 – തുക 9,31,307/- രൂപ തീ.25.02.2016

ബിൽ നം. 12/15-16 – തുക 4,81,909/- രൂപ തീ. 30.03.2016

പ്രത്യേക ഗ്രാന്റിനത്തിൽ 14,13,216/- രൂപയും ഗുണഭോക്തൃ വിഹിതമിനത്തിൽ 4,71,071/-(സ്വയം വഹിക്കുന്നത്) രൂപയുമടക്കം 18,84,287/- രൂപയാണ് ഈ പ്രവൃത്തിയുടെ അടങ്കൽ. ഈ പദ്ധതിയുമായി ബന്ധപ്പെട്ട താഴെ കൊടുത്തിട്ടുള്ള അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. തെങ്ങ് കൃഷിക്ക് ജൈവ വളം വിതരണം ചെയ്ത് ഉൽപാദന വർദ്ധനവ് വരുത്തുക എന്നതാണ് ഈ പ്രവൃത്തികൊണ്ട് ലക്ഷ്യമിട്ടിരുന്നത്. ഇതിനു വേണ്ടി 14,13,216/- രൂപ (ഗുണഭോക്തൃ വിഹിതം കൂടാതെ) ചെലവഴിച്ചിട്ടുണ്ട്.

മുകളിൽ വിവരിച്ചവയുടെ ചെലവ് വൗച്ചറുകൾ പരിശോധിച്ചപ്പോൾ ജൈവ വളം അംഗീകൃത ഏജൻസിയിൽ നിന്നും ടെണ്ടർ നടപടികളിലൂടെ വാങ്ങിയതായി കാണുന്നില്ല. സ.ഉ(എം.എസ്) 248/12 ത.സ്വ.ഭ.വ 29.9.12 ഖണ്ഡിക 3, സ.ഉ(എം.എസ്) 362/13 ത.സ്വ.ഭ.വ 16.11.13 അനുബന്ധം 16 ഖണ്ഡിക 2-6 പ്രകാരം നിർവഹണോദ്യോഗസ്ഥന്റെ വാങ്ങൽ നടപടിക്രമങ്ങൾ മാർഗ്ഗരേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ സ.ഉ ( എം.എസ്) 259/10 ത.സ്വ.ഭ.വ 8.11.10 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വളം വാങ്ങി നല്കുന്നതു സംബന്ധിച്ച് മാർഗ്ഗരേഖയിൽ പ്രത്യേകമായി പരാമർശിക്കാത്തതിനാൽ മേൽ ഉത്തരവു പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. ഇതിനു വിരുദ്ധമായി ടെണ്ടർ നടപടികൾ സ്വീകരിക്കാതെ കൃഷി ഓഫീസിൽ നിന്നും അനുവദിക്കുന്ന പെർമിറ്റ് പ്രകാരം ഈ പ്രദേശത്തെ പ്രധാന ധനകാര്യ സ്ഥാപനമായ സർവ്വീസ് സഹകരണ ബാങ്ക് ഉദുമ, പള്ളിക്കര കോപ്പറേറ്റീവ് കൺസ്യൂമർ വെൽഫയർ സൊസൈറ്റി എന്നിവിടങ്ങളിൽ നിന്നുമാണ് വളങ്ങൾ വാങ്ങിയിട്ടുള്ളത്. സ.ഉ(എം.എസ്)248/2012 തസ്വഭവ തീയതി. 29.09.2012 ഖ 3.1 ക്രമ നം 7 പ്രകാരം ഗുണഭോക്താവ് നേരിട്ട് വാങ്ങിക്കുന്ന സംഗതികളിൽ സബ്സിഡി അവരുടെ ബാങ്ക് അക്കൗണ്ടിൽ കൂടിയാണ് നൽകേണ്ടതാണ്. എന്നാൽ ഇവിടെ സബ്സിഡി വിവിധ ഏജൻസികൾക്ക് നൽകുകയാണ് ചെയ്തിരിക്കുന്നത്. ആയതിനാൽ കവുങ്ങ് കൃഷി വികസനം ഇനത്തിൽ ചെലവഴിച്ച 2,19,510/-രൂപയുടെയും, തെങ്ങ് കൃഷി വികസനം ഇനത്തിൽ ചെലവഴിച്ച 14,13,216/- രൂപയുടെയും ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി നം. 01-24/09/2016).

## **3-18** <u>മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഏറ്റെടുക്കാൻ പാടില്ലാത്ത പ്രവൃത്തികൾ നടത്തിയത് കൂടുതൽ അന്വേഷണം നടത്തേണ്ടതാണ്.</u>

ഓഡിറ്റ് വർഷം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വ്യക്തികത ഗ്രുവുടമകളുടെ ഭൂമിയിൽ ഭൂവികസന പ്രവൃത്തികൾ നടത്തിയിട്ടുണ്ട്.കേന്ദ്രസർക്കാരിന്റെ 24-07-2009 ലെ SO.2202(ഇ)നമ്പർ വിജ്ഞാപന പ്രകാരം ഒരു ഗ്രാമ പഞ്ചായത്തിൽ പദ്ധതിയിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ,ഭൂപരിഷ്ക്കരണത്തിന്റെ ഗുണഭോക്താക്കൾ,ഇന്ദിരആവാസ് യോജന പദ്ധതി ഗുണഭോക്താക്കൾ, 2008 ലെ കാർഷിക കടാശ്വാസ പദ്ധതിയിൽ നിർവ്വചിച്ചത് പ്രകാരമുള്ള ചെറുകിട നാമമാത്ര കർഷകർ,മറ്റ് പരമ്പരാഗത വനവാസികൾ എന്നിവരുടെ സ്വകാര്യ ഭൂമിയിൽ ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ നടത്തിയതിന് ശേഷം ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ വികസന പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാവുന്നതാണ്.ഇത്തരം പ്രവൃത്തികൾ നാമനാത്ര കർഷകരുടെ ഭൂമിയിൽ കൃഷി ചെയ്യുമ്പോൾ വ്യക്തിഗത ഭൂവുടമ തൊഴിൽ കാർഡ് ലഭിച്ചയാളും പ്രസ്തുത പ്രവൃത്തിയിൽ പണിയെടുക്കുന്നയാളും ആയിരിക്കണം.എന്നാൽ താഴെപറയുന്ന വ്യക്തിഗത ഭൂവുടമകൾ തൊഴിൽ കാർഡ് ഇല്ലാത്തവരും മസ്റ്റർ റോളിൽ ഭൂരിഭാഗം പണിയെടുക്കാത്തവരുമാണ്.സാമ്പത്തികമായി ഉന്നത നിലവാരത്തിലുള്ളവരുടെയും, സർക്കാർ ജീവനക്കാരുടെയും സ്ഥലങ്ങളിലാണ് ഭൂവികസന പ്രവൃത്തികൾ നടത്തിയതെന്ന് തൊഴിലുറപ്പ്പദ്ധതിയുടെ മസ്റ്റർ റോൾ, അളവ് പുസ്തകങ്ങൾ എന്നിവ പരിശോധിച്ചതിൽ നിന്നും കാണാൻ സാധിച്ചു. താഴെ വിവരിക്കുന്ന പ്രവൃത്തികളെ കുറിച്ച് കൂടുതൽ അന്വേഷണം നടത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.പ്രവൃത്തി നടത്തിയതിന്റെ വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവർത്തിയുടെ പേര് | സ്ഥലം ഉടമസ്ഥൻറെ പേര് | മസ്റ്ററോൾ നം& തൊഴിലാളികളുടെ ആകെ എണ്ണം | ആകെ തൊഴിൽ ദിനം | M BOOKനം& തീയ്യതി | നൽകിയ തുക | FTO No | |
|---|---|---|---|---|---|---|---|---|
| 1 | വാർഡ്-8 SC,ST,BPL,IAY, ചെറുകിട കർഷകരുടെ പറമ്പിൽ മണ്ണ്ജലസംരക്ഷണം- | 1)പത്മാവതി.എ, 2)പുരുഷോത്തമൻ, 3)ആനന്ദ | mr no-5956-5957, 5903-5904, 12 | 65 | 42/15-16 | 15210 | KL1601001005_100915FTO_162113 | KL1601001005_100915APB_FTO_162129 |
| 2 | ബാര കണിയേരി മണ്ണ്ജലസംരക്ഷണം, SC,ST,BPL,IAY,ചെറുകിട കർഷകരുടെ പറമ്പിൽ | 1)ജയൻ, 2)നാരായണൻ കുട്ടി, 3)മോഹനൻ, 4)ശാന്ത.ബി | 3191-3194 ,4092-4095, 40 | 125 | 32/15-16 | 29250 | KL1601001005_040815FTO_103951 | KL1601001005_040815APB_FTO_103963 |
| 3 | വെടിക്കുന്ന് SC,ST,BPL,IAY ചെറുകിട കർഷകരുടെ പറമ്പിൽ മണ്ണ്ജലസംരക്ഷണം | 1)രഘു, 2)ബാബു, 3)നാരായണൻ, 4)കരുണാകരൻ, 5)കൃഷ്ണൻ.കെ.കെ ,6)ബാലൻ | 3915-3917, 4255-4260, 16 | 291 | 58/15-16 | 68094 | KL1601001005_130815FTO_115478 | KL1601001005_130815APB_FTO_115518 |
| 4 | പുത്യക്കോടി SC,ST,BPL,IAY ചെറുകിട കർഷകരുടെ പറമ്പിൽ മണ്ണ്ജലസംരക്ഷണം,തെങ്ങിൻതടം തുറക്കൽ | 1)സ്വപ്ന, 2)നാരായണി, 3)ബാലകൃഷ്ണൻ, 4)ശകുന്തള | mr no-9564-9566, 18 | 94 | 78/15-16 | 21996 | KL1601001005_041115FTO_242931 | KL1601001005_041115APB_FTO_242932 |
| 5 | തിരുവക്കോളി മണ്ണ്ജലസംരക്ഷണം | 1)മാലിനി, 2)സീമന്തിനി, 3)ബിന്ദു, 4)പ്രീത, 5)കദീജ, 6)ഭവാനി | Mr No-14378-14381, 15459-154461, 16 | 132 | 144/15-16 | 30888 | KL1601001005_140116FTO_364088 | KL1601001005_140116APB_FTO_364113 |
| 6 | മുദിയക്കാൽ SC,ST,BPL,IAY ചെറുകിട കർഷകരുടെ പറമ്പിൽ മണ്ണ്ജലസംരക്ഷണം,കവുങ്ങിൻതടം തുറക്കൽ | 1)നഫീസ.വി.പി.വി, 2)വെള്ളച്ചി, 3)കൃഷ്ണൻ.കെ | mr no-10877-10881, 12031-12038, 22 | 365 | 119/15-16 | 85410 | KL1601001005_090116APBFTO_339770 | KL1601001005_090116FTO_339293 |
| 7 | വാർഡ്-10 SC,ST,BPL,IAY, ചെറുകിട കർഷകരുടെ പറമ്പിൽ മണ്ണ്ജലസംരക്ഷണം- | 1)നസീമ, 2)അശോകൻ, 3)സുന്ദരി, 4)അബ്ദുൾ അസീസ് | mr no-7135-7142, 16 | 158 | 46/15-16 | 36972 | KL1601001005_091015FTO_197792 | KL1601001005_091015APB_FTO_197799 |
| 8 | ആറാട്ട് കടവ് SC,ST,BPL,IAY, ചെറുകിട കർഷകരുടെ പറമ്പിൽ മണ്ണ്ജലസംരക്ഷണം- | 1)ആശ.കെ, 2)പ്രഭാകരൻ നായർ, 3)കെ ഗോപാലൻ | mr no-8727-8729, 1587-1588, 12 | 121 | 69/15-16 | 28314 | KL1601001005_301015FTO_236131 | KL1601001005_301015APB_FTO_236141 |
| 9 | എരോൽ മണ്ണ്ജലസംരക്ഷണം | 1)ജാനകി.കെ, 2)ശങ്കരൻ, 3)ദാമോധരൻ | mr no-19263-19265, 18459-18464, 24 | 260 | 159/15-16 | 60480 | KL1601001005_080316FTO_437256 | KL1601001005_080316APB_FTO_437259 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 10 | ഉദ്ദമ കണ്ണികുളങ്ങര കൊറമ്പൻവളപ്പ് **SC/ST,IAY,BPL,**ചെറുകിട നാമമാത്ര കർഷകരുടെ പറമ്പിൽ മണ്ണ്ജലസംരക്ഷണം | **1)**ടി.വി.ഭസ്കരൻ, **2)**പികെ.നാരായണൻ, **3)**ബാലൻ, **4)**കണ്ണൻ | **mr no-5909-5911, 5998-6005, 15** | **192** | **41/15-16** | **44928** | **KL1601001005_090915FTO_160962** | **KL1601001005_090915APB_FTO_160993** |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

ഇല്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ / ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കൊക്കാൽ,കോതാറമ്പത്ത് പരിയാരം കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 21500690 തീയ്യതി 23.12.2015 | 2,00000 | 0 | 2,00000 |
| കേരള വാട്ടർ അതോറിറ്റി | മാങ്ങാട്,പാറക്കടവ് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 21500686 തീയ്യതി 22.12.2015 | 4,23,150 | 0 | 4,23,150 |
| കേരള വാട്ടർ അതോറിറ്റി | മാങ്ങാട്,പാറക്കടവ് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 21500687 തീയ്യതി 23.12.2015 | 10,76,850 | 0 | 10,76,850 |
| കേരള വാട്ടർ അതോറിറ്റി | ഞെക്ലി എസ്.സി.കോളനി കുടിവെള്ള പദ്ധതി | 21501037 തീയ്യതി 19.03.2016 | 13,10,000 | 0 | 13,10,000 |
| കേരള വാട്ടർ അതോറിറ്റി | കരിപ്പോടി അംഗൺവാടി പൈപ്പ് ലൈൻ നീട്ടൽ | 21500691 തീയ്യതി 23.12.2015 | 2,00000 | 0 | 2,00000 |
| കേരള വാട്ടർ അതോറിറ്റി | ആറാട്ട്കടവ് മൃഗസംരക്ഷണ കേന്ദ്രത്തിലേക്ക് ബി.ആർ.ഡി.സി.പൈപ്പ് ലൈൻ നീട്ടൽ | 21501034 തീയ്യതി 19.03.2016 | 90,000 | 0 | 90,000 |
| ആകെ | | | 33,00,000 | -- | 33,00,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ നിക്ഷേപിച്ച തുക | 12,78,912 |
| തൻവർഷം നിക്ഷേപിച്ച തുക | 1,17,581 |
| ആകെ | 13,96,493 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന തുക | 13,96,493 |

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| സ്ഥിര നിക്ഷേപം( ജില്ലാ സഹകരണ ബാങ്ക് പാലക്കുന്ന് ബ്രാഞ്ച് ) | 2,87,111 |
| സ്ഥിര നിക്ഷേപം (ഈവനിംഗ് ബ്രാഞ്ച്) ജില്ലാ സഹകരണ ബാങ്ക് പാലക്കുന്ന് ബ്രാഞ്ച് ) | 2,80,698 |
| ഉദുമ വനിത സർവ്വീസ് സഹകരണ ബാങ്ക് | 2,67,411 |
| കേരള ഗ്രാമീണ ബാങ്ക് | 2,61,200 |
| ഉദുമ വനിത സർവ്വീസ് സഹകരണ ബാങ്ക് | 3,00,073 |
| ആകെ | 13,96,493 |

## 4-6 ഓഡിറ്റ് റിക്കവറി.

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14 | വിഷയാധിഷ്ഠിത അവലോകനം | 2013-14 | 5.2.4.1 | വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നസ്കൂൾ | ----- |

| | | | | | |
|---|---|---|---|---|---|
| 2013-14 | വിഷയാധിഷ്ഠിത അവലോകനം | 2013-14 | 5.2.4.2 | എം.ജി.എൽ.സി അടിസ്ഥാന സൗകര്യങ്ങൾ കുറവ് | ----- |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 9,51,28,869 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 10,29,44,839 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 4,754 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 10,262 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 18,78,723 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2(9) | 1,350 | | 1,050 രൂപ- ശ്രീ.എം.ദാമോദരൻസെക്രട്ടറി. 300 രൂപ -ശ്രീ.എം.സുരേന്ദ്രൻ,സെക്രട്ടറി. |
| 2(12) | 3,404 | | ശ്രീ. എം.സുരേന്ദ്രൻ ,സെക്രട്ടറി. |
| 3(6) | | 2,262 | ശ്രീ. എം.സുരേന്ദ്രൻ ,സെക്രട്ടറി. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3(10) | 2,45,997 | ശ്രീമതി. രമ്യ ടി.വി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3(17) | 16,32,726 | കെ. എൻ. ജ്യോതി കമാരി, കൃഷി ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക-3(17)

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. എം.സുരേന്ദ്രൻ ,സെക്രട്ടറി. | അസി.സെക്രട്ടറി,ഉദുമ ഗ്രാമപഞ്ചായത്ത് | കാര്യക്കോട്, ചാത്തമത്ത് പി.ഒ, കാസർഗോഡ്. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം.

| ഓഡിറ്റ് വർഷം | ഈവകുപ്പിൽനിന്നുംപുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1991-92 | എൽ.എഫ്.കെ.എസ്.ഡി5/21 /98തീയ്യതി 28.03.1999 | |
| 1992-93 മുതൽ 1995-96 വരെ | എൽ.എഫ്.കെ.എസ്.ഡി 4/269/03 തീയ്യതി 04.06.2008 | |
| 1996-97 | എൽ.എഫ്.കെ.എസ്.ഡി 5/530/99 തീയ്യതി 06.11.1999 | |
| 1997-98 | എൽ.എഫ്.കെ.എസ്.ഡി 5/594/99തീയ്യതി 02.02.2000 | |
| 1998-99 | എൽ.എഫ്.കെ.എസ്.ഡി 5/411/01 തീയ്യതി 09.01.2003 | |
| 1999-00 | എൽ.എഫ്.കെ.എസ്.ഡി 5/249/02തീയ്യതി 13.11.2003 | - |
| 2000-01(പ്ലാൻ) | എൽ.എഫ്.കെ.എസ്.ഡി 4/629/03 തീയ്യതി 06.02.2004 | - |
| 2001-02 (പ്ലാൻ) | എൽ.എഫ്.കെ.എസ്.ഡി 4/784/04 തീയ്യതി 05.12.2005 | - |
| 2001-02 | എൽ.എഫ്.കെ.എസ്.ഡി 4/130/06തീയ്യതി 10.08.2007 | 14 |
| 2002-03 | എൽ.എഫ്.കെ.എസ്.ഡി 3/223/07 തീയ്യതി 07.07.2007 | 12 |

| | | |
|---|---|---|
| 2003-04 | എൽ.എഫ്.കെ.എസ്.ഡി 3/33/09 തീയ്യതി 10.08.2010 | 13 |
| 2004-05 | എൽ.എഫ്.കെ.എസ്.ഡി 3/34/09 തീയ്യതി 22.04.2005 | 6 |
| 2005-06 | എൽ.എഫ്.കെ.എസ്.ഡി 6/374/11തീയ്യതി 08.08.2011 | 10 |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി 6/697/11 തീയ്യതി31.12.2011 | 14 |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി 3/830/12 തീയ്യതി 11.12.2012 | 14 |
| 2008-09 | എൽ.എഫ്.കെ.എസ്.ഡി 6/280/12 തീയ്യതി 10.08.2012 | 8 |
| 2009-10 | എൽ.എഫ്.കെ.എസ്.ഡി 6/235/12 തീയ്യതി 09.08.2012 | 8 |
| 2010-11 & 2011-12 | എൽ.എഫ്.കെ.എസ്.ഡി 9/594/13തീയ്യതി 6.03.2014 | 7 |
| 2012-13 & 2013-14 | എൽ.എഫ്.കെ.എസ്.ഡി 9/813/15തീയ്യതി 31.08.2015 | 10 |
| 2014-15 | കെ.എസ്.എ-കെ.എസ്.ഡി/1278 /2015.യീയ്യതി 31.12.2015 | 30 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.എസ്.ഡി-8/1021/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

ഇ.മെയിൽ doksd.ksad@kerla.gov.in

ഫോൺ നം.04994256690 പിൻ - 671123

തീയതി. 15.10.2016

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൻറെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കാസറഗോഡ് ജില്ലയിലെ ഉദുമ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഉദുമ ഗ്രാമ പഞ്ചായത്തിൻറെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം ,കാസറഗോഡ്

No. KSA-KSD-8/1021/2016

Kerala State Audit Department

District Audit Office,Kasaragod – 671 123

E-mail:- doksd.ksad@kerala.gov.in

Phone: 04994-256690

Dated:15.10.2016

Certified that I have audited the Annual Financial Statement of Udma Grama Panchayat in Kasaragod District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Udma Grama Panchayat for the year 2015-16 except the observations pointed out in my Audit Report properly presents the picture of income and expenditure.

Deputy Director,

Kerala State Audit Department,

District Audit Office, Kasaragod

## അനുബന്ധം - 2

## ഓഡിറ്റ് നടത്തിയതിൻെറ വിവരം നിർവ്വഹണാധികാരികൾ എന്നിവ സംബന്ധിച്ച പത്രിക (2015-16)

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീ. ബി. സന്തോഷ് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| 2 | ശ്രീ. രഘുനാഥൻ കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീ. കുഞ്ഞികൃഷ്ണൻ കെ.സി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 4 | ശ്രീ. സുനിൽ കുമാർ എം. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡണ്ട്

1. ശ്രീമതി കസ്തൂരി ടീച്ചർ 01.04.2015 മുതൽ 31.10.2015 വരെ
2. അഡ്മിനിസ്ട്രേഷൻ കമ്മിറ്റി 01.11.2015 മുതൽ 11.11.2015 വരെ
3. ശ്രീ. മുഹമ്മദലി കെ.എ 12.11.2015 മുതൽ 31.03.2016 വരെ

സെക്രട്ടറി

1. ശ്രീ. വി. സുകുമാരൻ 01.04.2015 മുതൽ 23.07.2015 വരെ
2. ശ്രീ. എം. ദാമോദരൻ 24.07.2015 മുതൽ 30.11.2015 വരെ
3. ശ്രീ. എം. സുരേന്ദ്രൻ 01.12.2015 മുതൽ 31.03.2016 വരെ

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. രമ്യ ടി.വി. | 01.04.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) പി.എച്ച്.സി | ഡോ. മുഹമ്മദ് എ | 01.04.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോപ്പതി) | ഡോ. മുഹമ്മദ് സക്കീർ അലി | 01.04.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. സന്ധ്യ എം.വി | 01.04.2015മുതൽ 31.03.2016 വരെ |
| സീനിയർ വെറ്റിനറി സർജൻ | ഡോ. സതീശൻ കെ.എം | 01.04.2015മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | കെ.എൻ. ജ്യോതി കുമാരി | 01.04.2015മുതൽ 31.03.2016 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി കാവേരി ബി. | 01.04.2015മുതൽ 31.03.2016 വരെ |
| വി.ഇ.ഒ | ശ്രീ. ചാക്കോ പി.എ | 01.04.2015മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമകി ജാനകി പി | 01.04.2015മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| ഫിഷറീസ് സബ്-ഇൻസ്പെക്ടർ | ശ്രീ. സിദ്ധാർത്ഥൻ കെ | 01.04.2015മുതൽ<br>31.03.2016 വരെ |

ഡെപ്യൂട്ടി ഡയറക്ടർ